2023
NOVEMBER
07
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## എയർ ഇന്ത്യ ടെൽ അവീവ് സർവീസ് നവംബർ 30 വരെ റദ്ദാക്കി

**ന്യൂഡൽഹി:** ഇസ്രയേൽഹമാസ് യുദ്ധത്തിൻറെ പശ്ചാത്തലത്തിൽ എയർ ഇന്ത്യ ഡൽഹിടെൽ അവീവ് സർവീസ് നവംബർ 30 വരെ റദ്ദാക്കി. യുദ്ധം ആരംഭിച്ചതിനു ശേഷം ടെൽ അവീവിലേക്കും തിരിച്ച് ഡൽഹിയിലേക്കുമുള്ള സർവീസ് എയർ ഇന്ത്യ നടത്തിയിരുന്നില്ല. യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷയെക്കരുതിയാണ് തീരുമാനം.

ന്യൂഡൽഹിയിൽ നിന്ന് തിങ്കൾ, ചൊവ്വ, വ്യാഴം, ശനി ദിവങ്ങളിലായിരുന്നു ടെൽ അവീവിലേക്കുള്ള സർവീസുകൾ. യുദ്ധം ആരംഭിച്ചതിനു ശേഷം പ്രശ്നബാധിത പ്രദേശങ്ങളിൽ നിന്ന് ഇന്ത്യക്കാരെ തിരികെ കൊണ്ടുവരാനായി കേന്ദ്ര സർക്കാർ തുടങ്ങിയ ഓപ്പറേഷൻ അജയുടെ കീഴിൽ മാത്രമാണ് എയർ ഇന്ത്യ സർവീസ് നടത്തിയത്.

## ടയർ കമ്പനികളുടെ ലാഭത്തിൽ വൻ കുതിപ്പ്



**കൊച്ചി:** ക്രൂഡ് ഓയിൽ വിലയിലെ വൻ കുതിപ്പും സാമ്പത്തിക മേഖലയിലെ മികച്ച ഉണർവും രാജ്യത്തെ പ്രമുഖ ടയർ ഉത്പാദക കമ്പനികളുടെ ലാഭത്തിൽ വൻ വർധന സൃഷ്ടിക്കുന്നു. ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ മുൻനിര കമ്പനികളെല്ലാം ലാഭത്തിൽ റെക്കോഡ് വളർച്ചയാണ് നേടിയത്.

എംആർഎഫ്, ജെകെ ടയർ, അപ്പോളോ ടയർ എന്നിവയുടെയെല്ലാം ലാഭം ഈ കാലയളവിൽ അഞ്ചിരട്ടി വരെ ഉയർന്നു. അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി കുറഞ്ഞിട്ടും ടയർ വിലയിൽ കുറവ് വരുത്താതിരുന്നതാണ് കമ്പനികൾക്ക് നേട്ടമാകുന്നത്. ഇന്ത്യൻ സാമ്പത്തിക മേഖല മികച്ച വളർച്ച നേടുന്നതും കേന്ദ്രസർക്കാർ അടിസ്ഥാന സൗകര്യ വികസന രംഗത്ത് വൻതോതിൽ നിക്ഷേപം നടത്തുന്നതും കാരണം ഓട്ടൊമൊബൈൽ വിപണി വൻ കുതിപ്പാണ് നേടുന്നതെന്ന് കമ്പനികൾ പറയുന്നു. ഇതോടൊപ്പം കാർഷിക, ഗ്രാമീണ മേഖലയിലെ ഉണർവും വാഹന വിപണിക്ക് കരുത്താകുന്നു. ഫോസിൽ അധിഷ്ഠിത വാഹനങ്ങൾക്കൊപ്പം ഇലക്ട്രിക് വെഹിക്കിൾസിൻറെയും വിൽപ്പന മികച്ച വളർച്ച നേടുന്നതിനാൽ ടയർ ഉപയോഗത്തിൽ ഗണ്യമായ വർധന സൃഷ്ടിക്കുന്നു.

രാജ്യത്തെ മുൻനിര ടയർ കമ്പനിയായ എംആർഎഫിൻറെ അറ്റാദായം ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 351 ശതമാനം ഉയർന്ന് 586 കോടി രൂപയിലെത്തി. മുൻവർഷം ഇതേ കാലയളവിൽ എംആർഎഫിൻറെ അറ്റാദായം 129 കോടി രൂപയായിരുന്നു. കമ്പനിയുടെ വരുമാനം ഇക്കാലയളവിൽ ആറ് ശതമാനം വർധിച്ച് 6217 കോടി രൂപയിലെത്തി. എംആർഎഫിൻറെ ഓഹരി ഉടമകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 169 രൂപയാണ് ലാഭവിഹിതമായി ലഭിച്ചത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 1690 ശതമാനം ലാഭവിഹിതം നൽകി കമ്പനി ചരിത്രം സൃഷ്ടിച്ചു. ഇതോടെ എംആർഎഫിൻറെ ഓഹരി വില നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലാണ്. ജെകെ ടയേഴ്സിൻറെ അറ്റാദായം ഇക്കാലയളവിൽ അഞ്ചിരട്ടി ഉയർന്ന് 248.6 കോടി രൂപയിലെത്തി. കമ്പനിയുടെ വരുമാനം 3.8 ശതമാനം ഉയർന്ന് 3, 897 കോടി രൂപയായി.

# പ്രോറേറ്റ നീക്കവുമായി ഇപിഎഫ്ഒ; ഉയർന്ന പിഎഫ് പെൻഷൻ കുറയും

### ബാധിക്കുക 13 ലക്ഷത്തിലേറെ വരിക്കാരെ




**കോഴിക്കോട്:** ഉയർന്ന പെൻഷൻ കണക്കാക്കുന്നതിലും ആനുപാതിക വ്യവസ്ഥ (പ്രോറേറ്റ) ബാധകമാക്കാനുള്ള നീക്കവുമായി ഇപിഎഫ്ഒ (എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ). ഈ തീരുമാനം നടപ്പാക്കിയാൽ ഉയർന്ന പെൻഷൻ പദ്ധതിയിലേക്ക് ഓപ്ഷൻ നൽകിയവരിൽ ഭൂരിഭാഗത്തിനും പെൻഷനിൽ മൂന്നിലൊന്നു വരെ കുറവു വന്നേക്കാം. 2014 സെപ്റ്റംബർ ഒന്നിനു ശേഷം വിരമിച്ചവരും വിരമിക്കാനിരിക്കുന്നവരുമായ 13 ലക്ഷത്തിലേറെ വരിക്കാരെ ഇതു ബാധിക്കും.

വിരമിച്ചതിനു തൊട്ടുമുൻപുള്ള 60 മാസത്തെ ശമ്പളശരാശരി വച്ച് പെൻഷൻ കണക്കാക്കുന്നതിനു പകരം ഈ വിഭാഗക്കാരുടെ പെൻഷൻ 2014 സെപ്റ്റംബറിനു മുൻപുള്ളത് വേറെയും അതിനു ശേഷമുള്ള സർവീസിനു വേറെയുമായി കണക്കുകൂട്ടും എന്നതാണ് പ്രോറേറ്റ വ്യവസ്ഥയിൽ സംഭവിക്കുന്നത്. ഇതോടെ, വിരമിക്കുന്ന സമയത്തുള്ള ഉയർന്ന ശമ്പളത്തിന് ആനുപാതികമായി മുഴുവൻ പെൻഷനും കിട്ടാത്ത സ്ഥിതി വരും. നിലവിൽ പിഎഫ് പെൻഷൻ കണക്കുകൂട്ടുന്നത് പ്രോറേറ്റ പ്രകാരമാണ്. ഇതുമൂലമാണ് പെൻഷൻ കുറയുന്നത്.

ഉയർന്ന പെൻഷൻ അനുവദിക്കാൻ കഴിഞ്ഞ വർഷം നവംബർ 4ന് സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവു നടപ്പാക്കുന്നതിനുള്ള നടപടികൾ വിശദീകരിച്ചുകൊണ്ട് സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ് യോഗത്തിന് ഇപിഎഫ്ഒ സമർപ്പിച്ച റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാകുന്നത്. ശമ്പളത്തിന് ആനുപാതികമായ ഉയർന്ന പെൻഷൻ കണക്കാക്കാൻ ഇപിഎഫ് പെൻഷൻ പദ്ധതിയിൽ (ഇപിഎസ് 95) പ്രത്യേക ഫോർമുലയില്ല എന്നാണ് അധികൃതരുടെ ന്യായം. അതുകൊണ്ട് നിലവിൽ ഇപിഎഫ്ഒ നിശ്ചയിച്ച ശമ്പളപരിധിക്കു മാത്രമുള്ള വിഹിതം പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നവരുടെ പെൻഷൻ കണക്കാക്കുന്ന അതേ രീതി തന്നെ ഉയർന്ന പെൻഷൻ കണക്കാക്കുന്നതിനും തുടരുമെന്നു പറയുന്നു.

ഉയർന്ന പെൻഷൻ കണക്കാക്കുന്നതു സംബന്ധിച്ച് ജൂൺ ഒന്നിന് ഇപിഎഫ്ഒ ഇറക്കിയ സർക്കുലറിൽ ഇക്കാര്യം പറഞ്ഞിരുന്നില്ല. 2014 സെപ്റ്റംബർ ഒന്നിനു മുൻപു വിരമിച്ചവരുടെ പെൻഷൻ 12 മാസ ശമ്പളശരാശരി പ്രകാരവും അതിനു ശേഷം വിരമിച്ചരുടേത് 60 മാസ ശരാശരി പ്രകാരവും കണക്കാക്കുമെന്നു മാത്രമായിരുന്നു ഇതിൽ വ്യക്തമാക്കിയത്. ഒരു ജീവനക്കാരന്റെ പെൻഷൻ കണക്കാക്കിയതു സംബന്ധിച്ചു വിശദീകരണം ചോദിച്ചുകൊണ്ട് എയർപോർട്ട് അതോറിറ്റിയിൽനിന്ന് അയച്ച കത്തിന് സേലത്തെ ഇപിഎഫ്ഒ റീജനൽ ഓഫിസ് നൽകിയ മറുപടിയിലും പ്രോറേറ്റ വ്യവസ്ഥ പ്രകാരം കണക്കുകൂട്ടിയതായാണു വിശദീകരിച്ചിരിക്കുന്നത്.





പാലാരിവട്ടം പൈപ്പ് ലൈൻ ജംഗ്ഷനിൽ വീനസ് പെയിന്റ്സിന്റെ പുതിയ ഷോറൂം ഉമ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.മുൻ എം.പി കെ. ഫ്രാൻസീസ് ജോർജ്,പി.എ.നജീബ്, പി.ജെ.ജോസ്, പി.സി.ജേക്കബ്, സി.എസ്.രാമചന്ദ്രൻ, സി.എസ് മുഹമ്മദ്, സി.എസ്.ഹാരിസ്, സി.എസ്.സഹീർ തുടങ്ങിയവർ സമീപം.

# വീനസ് പെയിന്റ്സിന്റെ പുതിയ ഷോറൂം ഉദ്ഘാടനം ചെയ്തു

**കൊച്ചി :** പെയിന്റ് നിർമ്മാണ വിതരണ രംഗത്തെ പ്രമുഖരായ വീനസ് പെയിന്റ്സിന്റെ പുതിയ ഷോറൂം പാലാരിവട്ടം ഫ്ളൈ ഓവറിന് സമീപം പൈപ്പ് ലൈൻ ജംഗ്ഷനിൽ ഉമ തോമസ് എം.എൽ.എ.ഉദ്ഘാടനം ചെയ്തു. ആദ്യ വിൽപ്പന അസസ്റ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ വി.സുനിൽ കുമാർ നിർവ്വഹിച്ചു.

ചടങ്ങിൽ മുൻ എം.പി. കെ. ഫ്രാൻസീസ് ജോർജ്,ജില്ലാ വ്യവസായ ഓഫീസർ പി.എ.നജീബ്, കേരള സ്റ്റേറ്റ് സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസ്സോസിയേഷൻ സെക്രട്ടറി പി.ജെ.ജോസ്, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി.ജേക്കബ്, പാലാരിവട്ടം മർച്ചന്റ്സ് അസ്സോസിയേഷൻ പ്രസിഡന്റ് സി.എസ്.രാമചന്ദ്രൻ, മാനേജിംഗ് ഡയറക്ടർമാരായ സി.എസ് മുഹമ്മദ്, സി.എസ്. ഹാരിസ്, സി.എസ്.സഹീർ എന്നിവർ പ്രസംഗിച്ചു.

രാജ്യത്തെ മുൻനിര പെയിന്റ് നിർമ്മാതാക്കളുടെ എല്ലാ ശ്രേണിയിലുമുള്ള ഉൽപ്പന്നങ്ങൾ ഹോൾസെയിലായും റീട്ടെയിലായും ഇവിടെ നിന്നും ലഭിക്കുമെന്ന് പ്രമോട്ടർമാർ അറിയിച്ചു.

# ആയുർവ്വേദം കാലഘട്ടത്തിന്റെ ആവശ്യമെന്ന് ഗുരുവായൂർ മുൻ മേൽശാന്തി ഡോ. കിരൺ ആനന്ദ്

**കൊച്ചി :** രോഗാതുരമായ ആധുനീക സമൂഹത്തിന് രോഗപ്രതിരോധത്തിനും, രോഗശമനത്തിനും ആയുർവ്വേദം ഒഴിച്ചുകൂടാൻ പാടില്ലാത്തതായി തീർന്നെന്ന് ഡോ കിരൺ ആനന്ദ്. എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടക്കുന്ന നാരായണീയ മഹോത്സവത്തിൽ നാരായണ തൈലം നിർമ്മിക്കുന്നതും, തുളസി വിവാഹോത്സവവും ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് നടക്കുക. സഹായത്തിനായി ആയുർവ്വേദ ഡോക്ടർമാർ ഒപ്പമുണ്ട്. ഗുരുവായൂർ മുൻ മേൽശാന്തിയായിരുന്ന ഇദ്ദേഹം ഇന്ന് ആയുർവേദ ചികിത്സരംഗത്ത് പ്രവർത്തിക്കുകയാണ്.

ആയുർവ്വേദവും വിശ്വാസവും ഒന്നിച്ച് യാത്രചെയ്യുന്നവരാണ്. വിശ്വാസമുണ്ടെങ്കിലെ മരുന്ന് ഫലിക്കൂ എന്നാണ് ആയുർവ്വേദം പറയുന്നത്. മോസ്ക്കോയിൽ നിന്ന് ഗുരുവായൂർ മേൽശാന്തിയായി നിയമനം ലഭിച്ചതോടെയാണ് തിരിച്ച് ഇന്ത്യയിലെത്തിയത്. മേൽശാന്തി കാലാവധി കഴിഞ്ഞപ്പോൾ തിരികെ ആയുർവ്വേദ ചികിത്സ രംഗത്ത് പ്രവർത്തിക്കുകയാണ് ഡോ കിരൺ ആനന്ദ് കക്കാട്.



എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടക്കുന്ന നാരായണീയ മഹോത്സവത്തിൽ ഗുരുവായൂർ മുൻ മേൽശാന്തി ഡോ കിരൺ ആനന്ദ് സംസാരിക്കുന്നു

40 ഔഷധങ്ങളുടെ സംഗ്രഹമാണ് നാരായണീയ തൈലം. ധന്വന്തരി പൂജകഴിഞ്ഞ് പ്രസ്തുത അടുപ്പിൽ നിന്ന് തീ പകർന്നാണ് നാരായണീയ തൈലം തയ്യാറാക്കുന്നത്. വാതശമനമാണ് തൈലം ഉപയോഗിക്കുന്നതിലൂടെ രോഗിക്ക് ലഭിക്കുക. രോഗനിവാരണത്തിലൂടെ ആരോഗ്യം പുഷ്ടിപ്പെടുത്തുകയാണ് ആയുർവ്വേദം ലക്ഷ്യമിടുന്നത്. ആയുർവ്വേദത്തിന്റെ പ്രചരണം ശക്തമാക്കുകയാണ് പൂജ ജീവിത വ്യതമാക്കിയ ഓതിക്കൽ കുടുംബാംഗമായ ഡോ.കിരണിന്റെ ജീവിതാഭിലാഷം.

നാരായണീയ മഹോത്സവത്തിലെ ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ തയ്യാറാക്കുന്ന തൈലത്തിന് ഫലപ്രാപ്തി കൂടുതലായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു

## പട്ടികജാതി വനിതകൾക്ക് അവസരം

**കൊച്ചി:** പട്ടികജാതി വികസനവകുപ്പിന്റെയും എറണാകുളം ജില്ലാ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഓട്ടോമൊബൈൽ മേഖലയിൽ നടപ്പിലാക്കുന്ന തൊഴിൽ നൈപുണ്യ പരിശീലനത്തിന് അർഹരായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

എറണാകുളം ജില്ലയിൽ സ്ഥിരതാമസമുള്ള പ്ലസ് ടു കഴിഞ്ഞ 18 നും 26 നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഓട്ടോമൊബൈൽ മേഖലയിൽ ജോലിയും ഉറപ്പാക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 8592040022, 9846019500 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ലേണിംഗ് ഫ്രണ്ട്‌ലി എറണാകുളം ഡിസ്ട്രിക്റ്റ്; പരിശീലന പദ്ധതി ഉദ്ഘാടനം 10 ന്

**കൊച്ചി:** ലേണിംഗ് ഫ്രണ്ട്‌ലി എറണാകുളം ഡിസ്ട്രിക്റ്റ് ' പരിശീലന പദ്ധതി നവംബർ 10 ന് (വെള്ളി) രാവിലെ ഒൻപത് മണിക്ക് പനമ്പിള്ളി നഗറിലെ റോട്ടറി ബാലഭവനിൽ ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്ഘാടനം ചെയ്യും. കുട്ടികളിലെ പഠന വൈകല്യം കണ്ടെത്തുന്നതിനായി ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സിന്റെ ( ഐ.എ.പി) നേതൃത്വത്തിൽ ചൈൽഡ് കെയർ സെന്റർ, റോട്ടറി ബാലഭവൻ, എസ്.സി.എം.എസ് കോളജ് എന്നിവർ സംയുക്തമായി ' ലേണിംഗ് ഫ്രണ്ട്‌ലി എറണാകുളം ഡിസ്ട്രിക്റ്റ് ' എന്ന പേരിൽ വിദ്യാർഥികൾക്കും അധ്യാപകർക്കും പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഐ.എ.പി കൊച്ചിൻ ബ്രാഞ്ച് പ്രസിഡന്റ് ഡോ.എം. എസ് നൗഷാദ് അധ്യക്ഷത വഹിക്കും.ഡോ.അബ്രാഹം കെ പോൾ, ഡോ.അനിത മാത്യു, പ്രകാശ് അശനി, പ്രമോദ് തവന്നൂർ,ഐ.എ.പി.മുൻ സംസ്ഥാന പ്രസിഡന്റ്

ഡോ.എം,ഐ.ജുനൈദ് റഹ്മാൻ, ഡോ.രേഖ സഖറിയാസ് തുടങ്ങിയവർ സംസാരിക്കും. എസ്.സി.എം.എസ് കോളജിലെ 50 വിദ്യാർഥികൾക്കാണ് ആദ്യഘട്ടം പരിശീലനം നൽകുന്നത്. ഇവർ പിന്നീട് ഒരു സ്കൂളിലെ പത്ത് അധ്യാപകർക്ക് വീതം ജില്ലയിലെ നൂറു സ്കൂളുകളിലായി 1000 അധ്യാപകർക്ക് പരിശീലനം നൽകും.

## സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് ഫിൻക്യുസ് സഹകരണം

**കൊച്ചി:** രാജ്യത്ത് ആരോഗ്യ ഇൻഷുറൻസ് വ്യാപകമാക്കാനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സാമ്പത്തിക സേവനങ്ങളുടെ വിതരണം നടത്തുന്ന കമ്പനിയായ ഫിൻക്യുസും സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷുറൻസും സഹകരിക്കും.

STAR Health Insurance — Personal & Caring — The Health Insurance Specialist

സ്റ്റാർ ഹെൽത്തിന്റെ പദ്ധതികളും സേവനങ്ങളും ഫിൻക്യൂസ് വഴി ലഭ്യമാക്കാൻ 10 ലക്ഷത്തിലേറെയുള്ള ടച്ച് പോയിന്റുകൾ പ്രയോജനപ്പെടുത്തും. 2500ൽ ഏറെ പിൻ കോഡുകളിൽ സ്റ്റാർ ഹെൽത്തിന്റെ സേവനം എത്താൻ ഇതു സഹായകമാകും. 28 സംസ്ഥാനങ്ങളും മൂന്നു കേന്ദ്ര ഭരണ പ്രദേശങ്ങളിലുമാണ് ഇതിലൂടെ സേവനങ്ങൾ എത്തിക്കാനാവുക. ഹോസ്പികാഷ് ലഭ്യമായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസികൾ ഫിൻക്യുസ് വഴി സ്റ്റാർ ഹെൽത്ത് ലഭ്യമാക്കും.

## മാലിന്യമുക്ത നവകേരളം ക്യാംപെയ്നിൻ: കോളേജ് വിദ്യാർത്ഥികൾക്കായി ഷോർട്ട് ഫിലിം മത്സരം

**കൊച്ചി :** മാലിന്യമുക്ത നവകേരളം ക്യാംപെയ്നിന്റെ ഭാഗമായി എറണാകുളം ജില്ലാ ഭരണകൂടം കോളേജ് വിദ്യാർത്ഥികൾക്കായി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ, ഹരിത പ്രോട്ടോകോൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് ഷോർട്ട് ഫിലിം തയാറാക്കേണ്ടത്.

എറണാകുളം ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾക്കാണ് പങ്കെടുക്കാൻ അർഹത. നാല് മിനിറ്റ് മുതൽ ആറു മിനിറ്റ് വരെയാകണം ഷോർട്ട് ഫിലിമിന്റെ ദൈർഘ്യം. വ്യക്തിപരമായോ കൂട്ടായോ മത്സരത്തിൽ പങ്കെടുക്കാം.

ഒന്നാം സമ്മാനം 25,000 രൂപ, രണ്ടാം സമ്മാനം 10,000 രൂപ, മൂന്നാം സമ്മാനം 5000 രൂപ. ചിത്രം ഗൂഗിൾഡ്രൈവിൽ അപ് ലോഡ് ചെയ്ത ശേഷം ലിങ്ക് campaign.jdlsgd@gmail.com എന്ന വിലാസത്തിലേക്ക് 2023 ഡിസംബർ 10നകം അയക്കണം. വിശദ വിവരങ്ങൾ ജില്ലാ കളക്ടറുടെ ഫേസ് ബുക്ക് പേജിൽ ലഭിക്കും. https://www.facebook.com/dcekm. രജിസ്റ്റർ ചെയ്യുന്നതിനുള്ള ലിങ്ക് https://forms.gle/1sf44xLMUTX6Gmfp9




എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസ്സോസിയേഷന്റെ സുവർണ്ണ ജൂബിലി ആഘോഷം ബോൾഗാട്ടി പാലസിൽ മേയർ അഡ്വ.എം.അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു. സി.ജെ.ജോർജ്,ടി.എച്ച്.നാസർ,എൻ.എച്ച്.ഷമീദ്,കെ.എം.മുഹമ്മദ് സഗീർ, ഹൈബി ഈഡൻ എം.പി,ടി.ജെ.വിനോദ് എം.എൽ.എ,മനു ജേക്കബ് തുടങ്ങിയവർ സമീപം.

# എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസ്സോസിയേഷൻ സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു

**കൊച്ചി :**സംസ്ഥാനത്തെ ആദ്യകാല വ്യാപാര സംഘടനകളിൽ ഒന്നായ എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസ്സോസിയേഷന്റെ സുവർണ്ണ ജൂബിലി ആഘോഷം ബോൾഗാട്ടി പാലസിൽ മേയർ അഡ്വ. എം.അനിൽ കുമാർ ഉദ്ഘാടനം ചെയ്തു.

100 വർഷത്തിലധികം പഴക്കമുള്ള എറണാകുളം മാർക്കറ്റിന്റെ പ്രൗഡിക്ക് മാറ്റ് കൂട്ടുന്നതാണ് നിർമ്മാണം പുരോഗമിക്കുന്ന പുതിയ മാർക്കറ്റ് കോംപ്ലക്സെന്ന് മേയർ പറഞ്ഞു. സ്റ്റാൾ ഉടമകൾക്കും ഉപഭോക്താക്കൾക്കും ഒരുപോലെ സൗകര്യപ്രദായ രുപകൽപ്പന ചെയ്തിരിക്കുന്ന കോംപ്ലക്സ് അടുത്ത 100 വർഷത്തെ ആവശ്യവും കൂടി കണക്കിലെടുത്താണ് രൂപകൽപന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സംഘടന പ്രസിഡന്റ് സി.ജെ.ജോർജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് മുഖ്യ പ്രഭാഷണം നടത്തി. സംഘടനയിലെ മുതിർന്ന അംഗങ്ങളെ ഹൈബി ഈഡൻ എം.പിയും മുൻ ഭാരവാഹികളെ ടി.ജെ.വിനോദ് എം.എൽ.എയും ആദരിച്ചു. കൗൺസിലർ മനു ജേക്കബ്, കെ.എം.സി.സി. പ്രസിഡന്റ് കെ.എം.മുഹമ്മദ് സഗീർ, പ്രോഗ്രാം കൺവീനർ ടി.എച്ച്.നാസർ, ജനറൽ സെക്രട്ടറി എൻ.എച്ച്.ഷമീദ് എന്നിവരും പ്രസംഗിച്ചു.

# ജോയ് ആലുക്കാസിന്റെ ആത്മകഥ സ്പ്രെഡിംഗ് ജോയ് ഷാർജ പുസ്തക മേളയിൽ പ്രകാശനം ചെയ്തു

ഷാർജ: പ്രമുഖ വ്യവസായിയും ജോയ്ആലുക്കാസ് ഗ്രൂപ്പ് സ്ഥാപകനുമായ ജോയ് ആലുക്കാസിന്റെ ജീവിതം പറയുന്ന സ്പ്രെഡിംഗ് ജോയ് ഹൗ ജോയ് ആലുക്കാസ് ബികേം ദി വേൾഡ്സ് ഫേവറിറ്റ് ജുവലർ എന്ന ആത്മകഥ ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ പ്രകാശനം ചെയ്തു. പുസ്തകത്തിന്റെ ആദ്യ കോപ്പി ജോയ് ആലുക്കാസിൽ നിന്നും ആഗോള ബ്രാൻഡ് അംബാസഡറും ബോളിവുഡ് താരവുമായ കജോൾ സ്വീകരിച്ചു. ചടങ്ങിൽ ഷാർജ ബുക്ക് അതോരിറ്റി സിഇഒ അഹമ്മദ് ബിൻ റക്കാദ് അൽ അമേരി, ഹാപർ കോളിൻസ് സിഇഒ അനന്ത പത്മനാഭൻ, ജോളി ജോയ് ആലുക്കാസ്, വിവിധ ഉദ്യോഗസ്ഥർ, ബിസിനസ് രംഗത്തെ പ്രമുഖർ, മറ്റ് കുടുംബാംഗങ്ങൾ, തുടങ്ങിയവർ പങ്കെടുത്തു.




ജോയ് ആലുക്കാസ് ഗ്രൂപ്പ് സ്ഥാപകനായ ജോയ് ആലുക്കാസിന്റെ ജീവിതം പറയുന്ന സ്പ്രെഡിംഗ് ജോയ് ഹൗ ജോയ് ആലുക്കാസ് ബികേം ദി വേൾഡ്സ് ഫേവറിറ്റ് ജുവലർ എന്ന ആത്മകഥ ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ പ്രകാശനം ചെയ്യുന്നു. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസ്, ആഗോള ബ്രാൻഡ് അംബാസഡറും ബോളിവുഡ് താരവുമായ കജോൾ, ഷാർജ ബുക്ക് അതോരിറ്റി സിഇഒ അഹമ്മദ് ബിൻ റക്കാദ് അൽ അമേരി, ഹാപർ കോളിൻസ് സിഇഒ അനന്ത പത്മനാഭൻ, ജോളി ജോയ് ആലുക്കാസ് തുടങ്ങിയവർ സമീപം.

എന്റെ ജീവിതയാത്ര എന്നത് പ്രതിബദ്ധത, കഠിനാധ്വാനം, അഭിനിവേശം, നിരന്തരമായ പരിശ്രമം എന്നീ മൂല്യങ്ങളുടെ ഉദാഹരണമാണ്. പ്രതികൂല സാഹചര്യങ്ങളിൽ തളർന്നു പോകാതെ,മറ്റുള്ളവരെ അവരുടെ സ്വപ്നങ്ങളെ പിന്തുടരാൻ പ്രചോദിപ്പിക്കുന്നതിന് ഈ ശ്രമം സഹായകമാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ജോയ് ആലുക്കാസ് പറഞ്ഞു.

ജോയ് ആലുക്കാസിന്റെ സംഭവ ബഹുലമായ സംരഭകത്വ ജീവിതവും, നേതൃപാടവവും, ഒരു ബ്രാൻഡിനെ സഷ്ടിച്ച് ആഗോള പ്രശസ്തമാക്കിയ തുമുൾപ്പെടെ പ്രചോദനാത്മകമായ ജീവിതമാണ് ഈ രചനയിലൂടെ വായനക്കാരിലെത്തുന്നത്.

നിലവിൽ ഇന്ത്യ, യുഎഇ, ബഹ്റൈൻ എന്നിവിടങ്ങളിലെ എല്ലാ പ്രമുഖ ബുക്ക് സ്റ്റോറുകളിലും ഈ പുസ്തകം ലഭ്യമാണ്. കൂടാതെ, യുഎഇ, ഇന്ത്യ, സിംഗപ്പൂർ, യുകെ, യുഎസ്എ എന്നിവിടങ്ങളിൽ ഈ പുസ്തകം ഇകൊമേഴ്സ് പോർട്ടലുകളിൽ ലഭ്യമാവും. ഷാർജ പുസ്തകമേളയിലെ ജഷൻമാളിൽ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പും, ഡിസി ബുക്സിൽ നിന്ന് മലയാളം പതിപ്പും വാങ്ങാവുന്നതാണ്.

ബിസ്നസ് മേഖലയിൽ തന്റേതായ മുദ്ര പതിപ്പിച്ച ജോയ് ആലുക്കാസിന്റെ ജീവിതത്തെയും നേട്ടങ്ങളെയും കുറിച്ചുള്ള പുസ്തകം മികച്ച വായനാനുഭവമാണ് ഒരുക്കിയിട്ടുള്ളത്.

സംരംഭകത്വ രംഗത്തേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർക്ക് തങ്ങളുടെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ വലിയ പ്രചോദനം നൽകുന്ന ഉൾക്കാഴ്ചകളാണ് ഈ പുസ്തകത്തിലുടനീളം പ്രതിപാദിക്കുന്നത്.

# ഭരണഭാഷാ വാരാഘോഷം: പ്രശ്നോത്തരിയും സമാപനവും ഇന്ന്

**കൊച്ചി:** ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ ഭരണകൂടവും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പും സംയുക്തമായി സർക്കാർ ജീവനക്കാർക്കായി സംഘടിപ്പിക്കുന്ന പ്രശ്നോത്തരി ഇന്ന് രാവിലെ 10.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ആരംഭിക്കും. പങ്കെടുക്കാനുള്ളവർ രാവിലെ 10ന് രജിസ്റ്റർ ചെയ്യണം.

ഉച്ചകഴിഞ്ഞ് മൂന്നിന് ഭരണഭാഷാ വാരാഘോഷത്തിന്റെ സമാപന സമ്മേളനം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ജില്ലാതല ഭരണഭാഷാ പുരസ്ക്കാരവും മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളും കളക്ടർ വിതരണം ചെയ്യും.

# സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ മാധ്യമ ബോധവത്ക്കരണ സെമിനാർ 11ന്

**കൊച്ചി:** കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാനതല മാധ്യമ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിക്കുന്നു. എറണാകുളം ഹോട്ടൽ അബാദ് പ്ലാസയിൽ ശനിയാഴ്ച്ച (നവംബർ 11) രാവിലെ 10 മുതൽ നടത്തുന്ന സെമിനാർ ഹൈക്കോടതി ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ് ഉദ്ഘാടനം ചെയ്യും.

വിവിധ മാധ്യമങ്ങളുടെ എഡിറ്റർമാരെയും റിപ്പോർട്ടർമാരെയും ഉൾപ്പെടുത്തിയാണ് സെമിനാർ സംഘടിപ്പിക്കുന്നത്. മാധ്യമങ്ങളും കുട്ടികളുടെ സംരക്ഷണവുംപോക്സോ, ബാലനീതി നിയമങ്ങളുടെ അടിസ്ഥാനത്തിൽ എന്ന വിഷയാവതരണവും ബാലാവകാശ സംരക്ഷണ പ്രവർത്തനങ്ങളിൽ മാധ്യമങ്ങൾക്ക് എത്രമാത്രം ഇടപെടൽ നടത്താമെന്നും കുട്ടികളുടെ ദേശീയവും അന്തർദേശീയവുമായ അവകാശ നിയമങ്ങൾക്ക് അനുസൃതമായി മാത്രം വാർത്തകൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച ചർച്ചയും സെമിനാറിൽ നടക്കും.

ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി മനോജ് കുമാർ അധ്യക്ഷത വഹിക്കും. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗങ്ങളായ ടി.സി ജലജമോൾ, എൻ.സുനന്ദ, പോക്സോ പ്രത്യേക കോടതി ജില്ലാ ജഡ്ജ് കെ.സോമൻ, മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി പി.എം മനോജ്, 24 ന്യൂസ് മാനേജിംഗ് ഡയറക്ടർ ആർ. ശ്രീകണ്ഠൻ നായർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുക്കും.

# കർഷകർക്കായി ആലങ്ങാട് ഒരു ഫാർമർ പ്രൊഡ്യൂസിങ് കമ്പനി കൂടി വരുന്നു

**കൊച്ചി:** കർഷകർക്കായി ആലങ്ങാട് ഒരു ഫാർമർ പ്രൊഡ്യൂസിങ് കമ്പനി കൂടി വരുന്നു. ആലങ്ങാട്, നെടുമ്പാശേരി ബ്ലോക്ക് പഞ്ചായത്തുകളെ കേന്ദ്രീകരിച്ചാണ് രണ്ടാമത്തെ എഫ്.പി.സി ഒരുങ്ങുന്നത്. കൃഷിയിട അധിഷ്ഠിത ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി ഒരുങ്ങുന്ന എഫ്.പി.സിയുടെ ആദ്യഘട്ടമായി നെടുമ്പാശേരിക്കും ആലുവയ്ക്കും കൂടി ഒരു ഫാർമർ പ്രൊഡ്യൂസിംഗ് ഓർഗനൈസേഷൻ രൂപീകരിച്ചു. നെടുമ്പാശ്ശേരി, ആലങ്ങാട് ബ്ലോക്കുകളിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന് കീഴിൽ ഫാം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകർക്കും എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൃഷി കൂട്ടങ്ങളിലെ അംഗങ്ങൾക്കും എഫ്.പി.ഒയിൽ അംഗമാകാം.

എഫ്.പി.ഒയിൽ കൃഷിക്കൂട്ടങ്ങളെ ചേർക്കുന്നതിന്റെ ഭാഗമായി കടുങ്ങല്ലൂർ, വരാപ്പുഴ, ആലങ്ങാട്, കരുമാലൂർ, കുന്നുകര, ചെങ്ങമനാട്, ശ്രീമൂലനഗരം തുടങ്ങിയ കൃഷിഭവനുകളുടെ നേതൃത്വത്തിൽ കർഷക ഗ്രൂപ്പുകളുടെയും കർഷകരുടെയും യോഗങ്ങൾ വിളിച്ചുചേർത്തിരുന്നു. ജില്ലയിൽ 10 എഫ്.പി.ഒ കൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഉൽപാദനം, സേവനം, മൂല്യവർധിത ഉൽപ്പന്നങ്ങൾ എന്നീ മൂന്ന് മേഖലകളിലാണ് പ്രധാനമായും കൃഷിക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നത്. കൃഷി ചെയ്യുന്നതിനായി കർഷകർക്ക് അനുകൂല സാഹചര്യങ്ങൾ ഒരുക്കി നൽകുക, ഉത്പാദനക്ഷമത വർധിപ്പിക്കുക, കൃഷിയിൽ നിന്ന് ലഭിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിച്ചു മൂല്യ വർധിത ഉത്പന്നങ്ങൾ നിർമ്മിക്കുക തുടങ്ങിയവയാണ് എഫ്.പി.ഒയുടെ പ്രധാന പ്രവർത്തന ലക്ഷ്യം. ഇതിലൂടെ പ്രാദേശിക ഉത്പന്നങ്ങൾക്ക് നല്ല വിപണന മൂല്യം ലഭ്യമാകും.

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആദ്യത്തെ ഫാർമർ പ്രൊഡ്യൂസിങ് കമ്പനിയായ ആലങ്ങാട് ഫാർമർ പ്രൊഡ്യൂസിങ് കമ്പനി പൂർണ്ണമായും വനിതകളുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. കർഷകർക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കി കൃഷിയെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

# ഭാരത് ആട്ട പുറത്തിറക്കി കേന്ദ്രസർക്കാർ

**ന്യൂ ഡൽഹി:** ഭാരത് ബ്രാൻഡിന് കീഴിൽ ഗോതമ്പ് മാവ് (ആട്ട) വിൽക്കുന്നതിനുള്ള 100 മൊബൈൽ വാനുകൾ കേന്ദ്ര ഉപഭോക്തൃ കാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രി ശ്രീ പിയൂഷ് ഗോയൽ ന്യൂ ഡൽഹിയിലെ കർത്തവ്യ പഥിൽ നിന്ന് ഇന്ന് ഫ്ലാഗ് ഓഫ് ചെയ്തു. ആട്ട ഒരു കിലോഗ്രാമിന് 27.50 രൂപയിൽ കൂടാത്ത എം ആർ പിയിൽ ലഭിക്കും. ഭാരത് ബ്രാൻഡിലുള്ള ആട്ടയുടെ ചില്ലറ വിൽപ്പന ആരംഭിക്കുന്നത്, വിപണിയിൽ മിതമായ നിരക്കിൽ ആട്ടയുടെ ലഭ്യത വർധിപ്പിക്കുകയും, ഈ സുപ്രധാന ഭക്ഷ്യ ഇനത്തിന്റെ വില തുടർച്ചയായി നിയന്ത്രിക്കാൻ സഹായിക്കുകയും ചെയ്യും.

ഭാരത് ആട്ട ഇന്ന് മുതൽ കേന്ദ്രീയ ഭണ്ഡാർ, നാഫെഡ്, എൻസിസിഎഫ് എന്നിവയുടെ എല്ലാ നേരിട്ടുള്ള /മൊബൈൽ ഔട്ട്ലെറ്റുകളിലും ലഭ്യമാകും. കൂടാതെ മറ്റ് സഹകരണ /റീട്ടെയിൽ ഔട്ട്ലെറ്റുകളിലേക്കും ഇത് വ്യാപിപ്പിക്കും.

ഓപ്പൺ മാർക്കറ്റ് സെയിൽ പദ്ധതിയ്ക്ക് കീഴിൽ കേന്ദ്രീയ ഭണ്ഡാർ, നാഫെഡ്, എൻസിസിഎഫ് പോലുള്ള അർദ്ധ ഗവൺമെന്റ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കിലോയ്ക്ക് 21.50 രൂപ നിരക്കിൽ 2.5 LMT ഗോതമ്പ് ആട്ടയാക്കി മാറ്റുന്നതിന് അനുവദിച്ചു. ഇത് പൊതുജനങ്ങൾക്ക് ഭാരത് ആട്ട ബ്രാൻഡിന് കീഴിൽ ഒരു കിലോഗ്രാമിന് 27.50 രൂപയിൽ കവിയാത്ത എം ആർ പിയിൽ നൽകും.

കേന്ദ്രത്തിന്റെ ഇടപെടൽ അവശ്യസാധനങ്ങളുടെ വില സ്ഥിരപ്പെടുത്തിയെന്ന് ചടങ്ങിൽ സംസാരിച്ച ശ്രീ ഗോയൽ പറഞ്ഞു.

# 54ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേള നവംബർ 20 മുതൽ 28 വരെ ഗോവയിൽ നടക്കും

**ന്യൂ ഡൽഹി:** 54ാമത് ഇന്ത്യൻ അന്താരാഷ്ട്ര ചലച്ചിത്ര മേള 2023 നവംബർ 20 മുതൽ 28 വരെ ഗോവയിൽ നടക്കുമെന്ന് കേന്ദ്രമന്ത്രി ശ്രീ അനുരാഗ് ഠാക്കൂർ അറിയിച്ചു. ഈ വർഷത്തെ സത്യജിത് റേ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ലോകസിനിമയിലെ മിന്നും താരവും സിനിമാ മേഖലയിൽ മഹത്തായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിയുമായ മൈക്കൽ ഡഗ്ലസിന് നൽകുമെന്ന് ചടങ്ങിൽ സംസാരിച്ച ശ്രീ ഠാക്കൂർ പറഞ്ഞു.

ഐഎഫ്എഫ്ഐയുടെ അന്താരാഷ്ട്ര വിഭാഗത്തിൽ ലഭിച്ച സിനിമകളുടെ എണ്ണത്തിൽ മൂന്നിരട്ടി വർദ്ധന ഉണ്ടായതായി ശ്രീ ഠാക്കൂർ അറിയിച്ചു. പുതുതായി അവതരിപ്പിച്ച ഒടിടി അവാർഡുകളെ കുറിച്ച് സംസാരിക്കവേ, ഒടിടി പ്ലാറ്റ്ഫോമുകളിലെ മികച്ച ഉള്ളടക്ക സ്രഷ്ടാക്കളെ ആദരിക്കാനായാണ് മന്ത്രാലയം ഈ അവാർഡ് അവതരിപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു. 15 ഒടിടി പ്ലാറ്റ്ഫോമുകളിൽ നിന്ന് 10 ഭാഷകളിലായി ആകെ 32 എൻട്രികൾ ലഭിച്ചിട്ടുണ്ടെന്നും വിജയിക്ക് പത്ത് ലക്ഷം രൂപ സമ്മാനമായി നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സിനിമാ മേഖലയിലെ സ്റ്റാർട്ടപ്പ് അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനും രാജ്യത്തിന്റെ വിദൂര കോണുകളിൽ നിന്നുള്ള പ്രതിഭകളെ തിരിച്ചറിയുന്നതിനുമായി നാളെയുടെ സർഗാത്മക പ്രതിഭകൾ സംരംഭം ആരംഭിച്ചതായി ശ്രീ അനുരാഗ് ഠാക്കൂർ പറഞ്ഞു. ഈ വർഷം ഈ വിഭാഗത്തിൽ 600ലധികം എൻട്രികൾ ഉണ്ടായതായി മന്ത്രി അറിയിച്ചു. ഈ വർഷത്തെ 75 വിജയികളെ തിരഞ്ഞെടുക്കുന്നതോടെ 3 വർഷത്തിനുള്ളിൽ അത്തരം വിജയികളുടെ ആകെ എണ്ണം 225 ആകും.

ഈ വർഷത്തെ ഐഎഫ്എഫ്ഐയുടെ എല്ലാ വേദികളും ഭിന്നശേഷിയുള്ളവർക്ക് പ്രാപ്യമായ വിധത്തിൽ എല്ലാ സൗകര്യങ്ങളുള്ളതുമായിരിക്കുമെന്ന് മന്ത്രി പ്രത്യേക പരാമർശം നടത്തി. കാഴ്ച പരിമിതിയുള്ളവർക്കുള്ള ഓഡിയോ വിവരണം, ശ്രവണ പരിമിതിയുള്ളവർക്കുള്ള ആംഗ്യഭാഷ, ഉള്ളടക്കത്തിന്റെ ഒന്നിലധികം ഭാഷകളിലുള്ള ഡബ്ബിംഗ് എന്നിവ എല്ലാവർക്കും ഒപ്പം എല്ലാവരുടെയും വികസനം എന്ന മന്ത്രത്തിന്റെ പ്രതീകമായിരിക്കും.

ചലച്ചിത്ര സംവിധായകൻ ശ്രീ ശേഖർ കപൂറാണ് അന്താരാഷ്ട്ര ജൂറിയെ നയിക്കുന്നതെന്ന് സഹമന്ത്രി ഡോ. എൽ മുരുകൻ അറിയിച്ചു.

# നോർക്ക യു.കെ കരിയർ ഫെയറിന് കൊച്ചിയിൽ തുടക്കം : ആദ്യദിനം 100 പേരുടെ അഭിമുഖം പൂർത്തിയായി

**കൊച്ചി :**കേരളത്തിലെ ആരോഗ്യമേഖലയിൽ നിന്നുളളവർക്ക് യുണൈറ്റഡ് കിംങ്ഡമിലെ (ഡഗ) ഇംഗ്ലണ്ടിലെയും, വെയിൽസിലേയും വിവിധ എൻ.എച്ച്.എസ് ട്രസ്റ്റുകളിലേയ്ക്ക് അവസരമൊരുക്കുന്ന നോർക്ക റൂട്ട്സ് യു.കെ കരിയർ ഫെയറിന്റെ മൂന്നാമത് എഡിഷന് കൊച്ചിയിൽ തുടക്കമായി.

ആദ്യ ദിനമായ തിങ്കളാഴ്ച (09112023) വിവിധ സ്പെഷ്യാലിറ്റികളിലായി 21 ഡോക്ടർമാരും 79 നഴ്സമാരും അഭിമുഖങ്ങളിൽ പങ്കെടുത്തു. കൊച്ചി മരടിലെ ക്രൗൺപ്ലാസാ ഹോട്ടലിൽ രാവിലെ തുടങ്ങിയ വിവിധ അഭിമുഖങ്ങൾ വൈകിട്ട് നാലു മണിക്ക് പൂർത്തിയായി.

നേരത്തേ അപേക്ഷ നൽകിയവരിൽ നിന്നും യു.കെ യിലെ തൊഴിൽദാതാക്കൾ ഷോട്ട്ലിസ്റ്റ് ചെയ്തവരെയാണ് അഭിമുഖങ്ങൾ ക്ഷണിച്ചത്. വിവിധ സ്പെഷ്യാലിറ്റികളിലേയ്ക്കുള്ള ഡോക്ടർമാർ, നഴ്സുമാർ എന്നിവർക്കാണ് മൂന്നാമത് എഡിഷനിൽ അവസരമുളളത്. യു.കെ യിൽ നിന്നുളള മൈക്ക് റീവ് (ഡെപ്യൂട്ടി സിഇഒ നാവിഗോ), ജോളി കാരിംഗ്ടൺ (അന്താരാഷ്ട്ര റിക്രൂട്ട്മെന്റ്, പ്രോജക്ട് ലീഡ്) അഞ്ജല ജോൺ, എൻ.എച്ച്.എസ് പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിലുള്ള 40 അംഗസംഘമാണ് റിക്രൂട്ട്മെന്റിന് നേതൃത്വം നൽകുന്നത്.

സംഘം നാളെ എറണാകുളം മെഡിക്കൽ കോളേജ് സന്ദർശിക്കുന്നുണ്ട്. നോർക്ക റൂട്സിൽ നിന്നും റിക്രൂട്ട്മെന്റ് മാനേജർ ശ്യാം TK യുടെ നേതൃത്വത്തിലുള്ള സംഘവും നടപടിക്രമങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നുണ്ട്.

നവംബർ 10 ന് അവസാനിക്കും. നോർക്കയു.കെ കരിയർ ഫെയറിന്റെ ആദ്യഘട്ടം 2022 നവംബർ 21 മുതൽ 25 വരെയും രണ്ടാംഘട്ടം 2023 മെയ് 04 മുതലേ 06 വരെയും എറണാകുളത്തായിരുന്നു.

ഇരു കരിയർ ഫെയറുകളിലുമായി തിരഞ്ഞെടുക്കപ്പെട്ട 109 പേർ (വിവിധ വിഭാഗങ്ങളിലായി) ഇതിനോടകം യു.കെയിലെത്തി. ഇവരുടെ കൂട്ടായ്മ കഴിഞ്ഞ മാസം യോർക്ക്ഷെയറിൽ (യു.കെ) സംഘടിപ്പിച്ചിരുന്നു. നോർക്ക യു.കെ റിക്രൂട്ട്മെന്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവൃത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറിൽ 18004253939 ഇന്ത്യയിൽ നിന്നും +91 8802012345 വിദേശത്തു നിന്നും (മിസ്ഡ് കോൾ സൗകര്യം) ബന്ധപ്പെടാവുന്നതാണ്. www.norkaroots.org, www.nifl.norkaroots.org എന്നീ വെബ്ബ്സൈറ്റുകളിലും വിവരങ്ങൾ ലഭിക്കും.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി :**വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് 202324 പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്ന പകൽവീട് ഗുണഭോക്താക്കൾക്ക് 01/12/2023 മുതൽ 30/11/2024 വരെ ഭക്ഷണം വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു.

ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാന തീയതി നവംബർ 20 ഉച്ചയ്ക്ക് രണ്ടു വരെ. വിശദ വിവരങ്ങൾ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് കോമ്പിൽ പ്രവർത്തിക്കുന്ന വാഴക്കുളം ഐസിഡിഎസ് പ്രോജക്ട് ഓഫീസിൽ നിന്നും ലഭിക്കും.

# ദേശ് കി തിജോരി പ്രചാരണവുമായി ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ്




**കൊച്ചി:** ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ് ബ്രാൻഡ് അംബാസഡറായ ആയുഷ്മാൻ ഖുറാനയ്ക്കൊപ്പം ചേർന്ന് തങ്ങളുടെ ഏറ്റവും പുതിയ കാമ്പെയ്ൻ ദേശ് കി തിജോരി ആരംഭിച്ചു. ഗോദ്റെജ് ഗ്രൂപ്പിൻറെ പതാകവാഹക കമ്പനിയായ ഗോദ്റെജ് & ബോയ്സിൻറെ ബിസിനസ് യൂണിറ്റ് അവരുടെ മാർക്കറ്റിംഗ് കാമ്പെയ്നിൻറെ ഭാഗമായി ലോക്കർ ഓൺ വീൽസ് പോലെയുള്ള ഒരു സ്മാർട്ട് വാൻ രൂപകൽപ്പന ചെയ്തു.

ഹോം ക്യാമറകൾ, സിസിടിവികൾ, മറ്റ് ഹോം സെക്യൂരിറ്റി സൊല്യൂഷനുകൾക്കൊപ്പം ഡിജിറ്റൽ ലോക്കറുകൾ തുടങ്ങിയ ഏറ്റവും പുതിയ ഉൽപ്പന്നങ്ങൾ ഈ വാഹനത്തിലുണ്ട്. സ്മാർട്ടർ ഹോം സെക്യൂരിറ്റി സൊല്യൂഷനുകൾ സ്വീകരിക്കുന്നതിനും ഹോം സെക്യൂരിറ്റിക്ക് മുൻഗണന നൽകുന്നതിനും വീട്ടുടമകളെ പ്രചോദിപ്പിക്കാനും ലക്ഷ്യമിട്ടാണ് വാനിനുള്ളിലെ സ്മാർട്ട് ഹോം. ബോളിവുഡ് താരം ആയുഷ്മാൻ ഖുറാന കാമ്പെയ്ൻ ഫ്ളാഗ് ഓഫ് ചെയ്തു. കാമ്പെയ്ൻ 100 ദിവസത്തിനുള്ളിൽ 100 നഗരങ്ങളിലുടനീളം ലോക്കർ ഓൺ വീൽസ യാത്രകൾ നടത്തും.

കാമ്പെയിൻറെ ഭാഗമായി മുംബൈയിൽ തുടങ്ങി കിഴക്ക്, പടിഞ്ഞാറ്, വടക്ക്, തെക്ക് എന്നിങ്ങനെ നീളുന്ന യാത്രയ്ക്കായി നാല് വാനുകൾ അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ട്. 100 ദിവസത്തിനുള്ളിൽ ഈ വാനുകൾ 100 നഗരങ്ങളിൽ സഞ്ചരിക്കും അതുവഴി തങ്ങളുടെ സുരക്ഷയുടെ സന്ദേശം എല്ലായിടത്തും എത്തുന്നുവെന്ന് ഉറപ്പാക്കുമെന്ന് ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസിൻറെ സീനിയർ വൈസ് പ്രസിഡൻറും ബിസിനസ് ഹെഡുമായ ശ്രീ പുഷ്കർ ഗോഖലെ പറഞ്ഞു. ധാരാളം യാത്ര ചെയ്യുകയും വീടിന് പുറത്ത് ധാരാളം സമയം ചെലവഴിക്കുകയും ചെയ്യുന്ന ഒരാളെന്ന നിലയിൽ എൻറെ വീടിൻറെയും പരിസരത്തിൻറെയും സുരക്ഷയുടെ ആവശ്യം പൂർണ്ണമായും മനസ്സിലാക്കുന്നു.

ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷനുമായി സഹകരിക്കുന്നത് ശരിക്കും ഒരു ബഹുമതിയാണെന്ന് ബ്രാൻഡ് അംബാസഡറുമായ ആയുഷ്മാൻ ഖുറാന പറഞ്ഞു.

# ഐ ഐ ഐ സി യിലെ ടെക്നിഷ്യൻ പരിശീലനങ്ങളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന് കീഴിൽ കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിലെ ടെക്നീഷ്യൻ പരിശീലനങ്ങളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്ന 67 ദിവസം പരിശീലന കാലാവധിയുള്ള കൺസ്ട്രക്ഷൻ ലബോറട്ടറി ആൻഡ് ഫീൽഡ് ടെക്നിഷ്യൻ ലെവൽ 4, 65 ദിവസം പരിശീലന കാലാവധിയുള്ള അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ ലെവൽ 3, 57 ദിവസം പരിശീലനം നൽകുന്ന ഹൗസ് കീപ്പിംഗ് ലെവൽ 3, പതിനൊന്നാം ക്ളാസ്സ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്ന 70 ദിവസത്തെ എക്സ്കവേറ്റർ ഓപ്പറേറ്റർ ലെവൽ 4, ബാക് ഹോ ലോഡർ ഓപ്പറേറ്റർ ലെവൽ 4, പ്ലസ്ടു യോഗ്യതയുള്ളവർക്ക് അപേഷിക്കാവുന്ന മൂന്നുമാസമുള്ള പ്ലംബർ ജനറൽ ലെവൽ 4, ബി ടെക് സിവിൽ പരീക്ഷ പാസ്സാവാത്തവർ എന്നാൽ കോഴ്സ് പൂർത്തീകരിച്ചവർ, ഐ ടി ഐ സിവിൽ/ഡിപ്ലോമ സിവിൽ എന്നീ യോഗ്യതയുള്ളവർ എന്നിവർക്ക് അപേഷിക്കാവുന്ന ഒരു മാസം ദൈർഘ്യമുള്ള അഡ്വാൻസ്ഡ് സർവെയിങ്, ഐ ടി ഐ സിവിൽ പഠനം പൂർത്തീകരിച്ചവർക്കു അപേക്ഷിക്കാവുന്ന 77 ദിവസമുള്ള ഡ്രാഫ്ട്സ്മാൻ സിവിൽ വർക്സ് ലെവൽ 4 എന്നീ പരിശീലനങ്ങളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. അപേക്ഷകർക്കു 18 വയസ്സ് പൂർത്തീകരിച്ചിരിക്കണം. നവംബർ 25 ആണ് അവസാന തീയതി. അപേക്ഷ ഓൺലൈൻ ആയോ, നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ സമർപ്പിക്കാം. നിർമാണ രംഗത്തു നൂറു വർഷം പൂർത്തീകരിക്കുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഐ ഐ ഐ സി യുടെ നടത്തിപ്പ് ചുമതല വഹിക്കുന്നത്.



എറണാകുളത്തപ്പൻ മൈതാനത്ത് നടന്നുവരുന്ന ശ്രീമദ് നാരായണീയ മഹോത്സവത്തിന്റെ രണ്ടാം ദിനമായ ഇന്നലെ അമ്മമാരുടെ നേതൃത്വത്തിൽ നടന്ന നാരായണീയ പാരായണം

# സ്ത്രീ കുടുംബത്തിന്റെ പ്രധാന കണ്ണി ; വെൺമണികൃഷ്ണൻ നമ്പൂതിരിപ്പാട്

**കൊച്ചി:** പാപപങ്കിലമായ ജീവിതത്തിൽ നിന്ന് ശാശ്വതപരിഹാരം നാരായണജപം മാത്രമാണെന്നും കുടുംബത്തിന്റെ പ്രധാന കണ്ണി സ്ത്രീയാണെന്നതിനാൽ സ്ത്രീകൾ ഇക്കാര്യത്തിൽ കൂടുതൽ കരുതലുള്ളവരായിരിക്കണെമെന്നും വെൺമണികൃഷ്ണൻ നമ്പൂതിരിപ്പാട് അഭിപ്രായപ്പെട്ടു. കൊച്ചി എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്നുവരുന്ന നാരായണിയ മഹോത്സവത്തിൽ അജമിളോപാഖ്യാനത്തിന്റെ പ്രസക്തി എന്നവിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കാമ,ക്രോധ,മോഹ പാപകർമ്മങ്ങളിൽ പെട്ട് ഉഴലുന്നവർക്ക് നാരായണമന്ത്രം മോക്ഷപ്രാപ്തിനൽകുമെന്ന് അജമിളോപാഖ്യാനം നമ്മെ ഓർമ്മപെടുത്തുന്നതായി അദ്ദേഹം പറഞ്ഞു. നാരായണ നാമം ജപിക്കുന്നതിലൂടെ നമ്മുടെ പാപങ്ങളെല്ലാം ജഗദീശ്വരൻ പൊറുക്കുമെന്നും വെൺമണികൃഷ്ണൻ നമ്പൂതിരിപ്പാട് ഓർമ്മപ്പെടുത്തി. പ്രതിസന്ധികൾ തരണം ചെയ്യാൻ രാമായണം പാരായണം അത്യുത്തമമാണെന്ന് മാസ്റ്റർ ആദിദേവ് ഭക്തജനങ്ങളെ ഓർമ്മിപ്പിച്ചു. കർക്കിടകമാസത്തിൽ മാത്രം വായിക്കാവുന്ന ഒന്നല്ല. രാമായണം. പഞ്ഞമാസത്തിൽ ദുരിതങ്ങളിൽ വിഷമിക്കാതെ മുന്നോട്ട് പോകാൻ കരുത്ത് നൽകുകയാണ് രാമായണ പാരായണം കൊണ്ട് ഉദ്ദേശിക്കുന്നത്. രാമന്റെ ജീവിതം സുഖ ദുഖങ്ങളുടേതാണ്. ഇതെല്ലാം ധീരമായി തരണം ചെയ്ത് മുന്നോട്ട് പോകുന്ന രാമന്റെ കഥ ജീവിത വിജയത്തിന് വഴികാട്ടി കൂടിയാണ്. ആദിദേവ് ഓർമ്മിപ്പിച്ചു. നാരായണീയത്തിൽ ആലുവ രാജശ്രീയുടെ നേതൃത്വത്തിൽ നടന്ന ചിന്ദുപാട്ട് സ്ത്രീശാക്തികരണം വിളിച്ചോതുന്നതായിരുന്നു. ഇന്നലെ നടന്ന നാരായണീയ പാരായണത്തിൽ ആയിരക്കണക്കിന് ഭക്തസ്ത്രീകൾ പങ്കെടുത്തു. രാവിലെ ഗണപതി ഹോമത്തോടെ ആരംഭിച്ച ഉത്സവത്തിൽ വിവിധ വ്യക്തിത്വങ്ങളുടെ ആത്മീയ പ്രഭാഷണം ഉണ്ടായിരുന്നു. ധ്യാനയോഗത്തെക്കുറിച്ച് ഭാഗവതാചാര്യൻ കേശവദാസ് തിരുവൈരാണിക്കുളം, ഭക്തിയുംഭക്തനും എന്ന വിഷയത്തിൽ രാജേഷ് നാദാപുരവും പ്രഭാഷണം നടത്തി. ദീപാരാധനക്ക് ശേഷം ശ്രീകൃഷ്ണചൈതന്യോത്സവവും ഉണ്ടായിരുന്നു.

### നാരായണീയം ഇന്ന്

രാവിലെ 5.30 ഗണപതിഹോമം, 6 ന് മൃത്യുഞ്ജയ ഹോമം, 8 ന് നാരായണീയ പാരായണം, 10 ന് ഭക്തിയും വിഭക്തിയും പ്രഭാഷണം ( കാവാലം ശശികുമാർ) 12 ന് ഗണപതി ഹൈദ്ധവ നൃത്തം പ്രഭാഷണം (പറവൂർ ജോതിഷ്) ഉച്ചകഴിഞ്ഞ് 2 ന് നാരായണീയ പാരായണം 3 മണിക്ക് വാമനാവതാരം പ്രഭാഷണം ( എഴുകുന്നപ്പുഴ ദാമോദര ശർമ്മ , നാരായണീയ ആചാര്യൻ) 4.45 ന് തുളസി വിവാഹോത്സവം (മൂനൂലം ഭവൻ നമ്പൂതിരി ഓതിക്കൽ, മുൻ ഗുരുവായൂർ മേൽശാന്തി) , 6 ന് ദീപാരാധന. തുടർന്ന് ലിറ്റിൽ സ്റ്റാർ സിംഗേർസ്

# സുരക്ഷിത തീർത്ഥാടനത്തിനായി വിപുലമായ ആരോഗ്യ സേവനങ്ങൾ: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് വിപുലമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മികച്ച ചികിത്സാ സേവനങ്ങൾ ഒരുക്കുന്നതിനോടൊപ്പം പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനും ഭക്ഷ്യ സുരക്ഷയ്ക്കും പ്രാധാന്യം നൽകും. പകർച്ചവ്യാധി പ്രതിരോധത്തിന് പ്രത്യേക ടീമിനെ സജ്ജമാക്കും. പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ തുടങ്ങിയ 4 ജില്ലകളിലെ ജില്ലാ സർവെയലൻസ് ഓഫീസർമാർ, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ എന്നിവരടങ്ങുന്നവരായിരിക്കും ടീം. ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർക്കായിരിക്കും ചുമതല. ഏതെങ്കിലും പകർച്ചവ്യാധി കണ്ടെത്തിയാൽ സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഭക്ഷ്യസുരക്ഷാ സ്‌ക്വാഡ് മുന്നറിയിപ്പില്ലാതെ പരിശോധന നടത്തേണ്ടതാണ്. ഭക്ഷ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉറപ്പാക്കും. എല്ലാ പ്രധാന ഭാഷകളിലും അവബോധം നടത്താനും മന്ത്രി നിർദേശം നൽകി.

സന്നിധാനം, പമ്പ, നിലയ്ക്കൽ, ചരൽമേട് (അയ്യപ്പൻ റോഡ്), നീലിമല, അപ്പാച്ചിമോട് എന്നീ സ്ഥലങ്ങളിൽ വിദഗ്ധ സംവിധാനങ്ങളോടു കൂടിയ ഡിസ്പെൻസറികൾ പ്രവർത്തിക്കും. പമ്പയിലേയും സന്നിധാനത്തേയും ആശുപത്രികൾ നവംബർ 1 മുതൽ പ്രവർത്തിച്ചു വരുന്നു. ബാക്കിയുള്ളവ നവംബർ 15 മുതൽ പ്രവർത്തനമാരംഭിക്കും. എല്ലാ ആശുപത്രികളിലും ഡിഫിബ്രിലേറ്റർ, വെന്റിലേറ്റർ, കാർഡിയാക് മോണിറ്റർ എന്നിവയുണ്ടാകും. നിലയ്ക്കലും പമ്പയിലും പൂർണ സജ്ജമായ ലാബ് സൗകര്യമുണ്ടാകും. പമ്പയിലും സന്നിധാനത്തും ഓപ്പറേഷൻ തീയറ്ററുകൾ പ്രവർത്തിക്കും. പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തിൽ താത്ക്കാലിക ഡിസ്പെൻസറി നവംബർ 15 മുതൽ പ്രവർത്തിക്കും.

അടൂർ ജനറൽ ആശുപത്രിയിലും, റാന്നി താലൂക്ക് ആശുപത്രി, തിരുവല്ല ജില്ലാ ആശുപത്രി, കോഴഞ്ചേരി ജില്ലാ ആശുപത്രി, റാന്നി പെരിനാട് സാമൂഹികാരോഗ്യ കേന്ദ്രം, കോന്നി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ശബരിമല പ്രത്യേക വാർഡ് സജ്ജാക്കും. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് പ്രവർത്തിക്കും. ഇതുകൂടാതെ എരുമേലി, കോഴഞ്ചേരി, മുണ്ടക്കയം, വണ്ടിപ്പെരിയാർ, കുമളി, ചെങ്ങന്നൂർ തുടങ്ങി 15 ഓളം ആശുപത്രികളിൽ ചികിത്സാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ തീർത്ഥാടകർക്കായി മികച്ച സൗകര്യമൊരുക്കും. ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ സമയബന്ധിതമായി ഡ്യൂട്ടിക്ക് നിയോഗിക്കുന്നതാണ്. മരുന്നുകളുടെ ലഭ്യതയും ആംബുലൻസുകളും ഉറപ്പ് വരുത്തിയിട്ടുണ്ട്. പത്തനംതിട്ടയിൽ കൺട്രോൾ റൂം സ്ഥാപിക്കും.

പമ്പ മുതൽ സന്നിധാനം വരെയുള്ള കാൽനട യാത്രയിൽ തീർത്ഥാടകർക്ക് അമിതമായ നെഞ്ചിടിപ്പ്, ശ്വാസംമുട്ടൽ, നെഞ്ചുവേദന തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങളോ ചിലപ്പോൾ ഹൃദയാഘാതം വരെയോ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഫലപ്രദമായി നേരിടാൻ ആരോഗ്യവകുപ്പ് ഈ വഴികളിൽ അടിയന്തര ചികിത്സാ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതാണ്. എമർജൻസി മെഡിക്കൽ സെന്ററുകൾ, ഓക്സിജൻ പാർലറുകൾ എന്നിവ പമ്പ മുതൽ സന്നിധാനം വരെയുള്ള യാത്രക്കിടയിൽ 15 സ്ഥലങ്ങളിലായി സ്ഥാപിക്കും. ഹൃദയാഘാതം വരുന്ന തീർത്ഥാടകർക്കായി ആട്ടോമേറ്റഡ് എക്സ്റ്റേണൽ ഡിബ്രിഫ്രിലേറ്റർ ഉൾപ്പെടെ പരിശീലനം ലഭിച്ച സ്റ്റാഫ് നഴ്സുമാർ 24 മണിക്കൂറും ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കും. യാത്രാവേളയിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ തോന്നുന്നുവെങ്കിൽ ആരോഗ്യ വകുപ്പിന്റെ സേവനം തേടാവുന്നതാണ്.

# ജീവകാരുണ്യ പട്ടികയിൽ 10 മലയാളികൾ; ഇത്തവണയും മുന്നിൽ യൂസഫലി



**കൊച്ചി:** സാമ്പത്തിക ഗവേഷണ സ്ഥാപനമായ ഹുറുൺ ഇന്ത്യയും എഡെൽഗിവ് ഫൗണ്ടേഷനും ചേർന്ന് തയ്യാറാക്കിയ ജീവകാരുണ്യ പട്ടികയിൽ മലയാളികളായ 10 പേർ ഇടംപിടിച്ചു. സാമൂഹികക്ഷേമ പദ്ധതികൾക്കായി സമ്പത്ത് ചെലവിടുന്നതിൽ ഇത്തവണയും മലയാളികളിൽ മുന്നിൽ ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി തന്നെയാണ്. 107 കോടി രൂപയാണ് അദ്ദേഹം ഒരുവർഷം കൊണ്ട് ചെലവിട്ടത്.

മലയാളികളിൽ ഇൻഫോസിസ് സഹസ്ഥാപകൻ ക്രിസ് ഗോപാലകൃഷ്ണൻ 93 കോടിയുമായി രണ്ടാം സ്ഥാനത്തും വിഗാർഡ് സ്ഥാപകൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി 82 കോടിയുമായി മൂന്നാം സ്ഥാനത്തുമാണ്.

മുത്തൂറ്റ് ഫിനാൻസ് കുടുംബം (71 കോടി രൂപ), ഇൻഫോസിസ് സഹസ്ഥാപകൻ എസ്.ഡി. ഷിബുലാൽ (35 കോടി രൂപ), മണപ്പുറം ഗ്രൂപ്പ് ചെയർമാൻ വി.പി. നന്ദകുമാർ (15 കോടി രൂപ), ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് (13 കോടി രൂപ), ഗോകുലം ഗ്രൂപ്പ് ചെയർമാൻ ഗോപാലൻ എ.എം. ഗോപാലൻ (7 കോടി രൂപ), സമിസബിൻസ ഗ്രൂപ്പ് ചെയർമാൻ മുഹമ്മദ് മജീദ് (5 കോടി രൂപ) എന്നിവരാണ് പട്ടികയിൽ ഇടംനേടിയ മറ്റു മലയാളികൾ. ഇവർ മൊത്തം 435 കോടി രൂപയാണ് സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത്

ദേശീയതലത്തിൽ എച്ച്.സി.എൽ. ടെക്നോളജീസ് സ്ഥാപകൻ ശിവ് നാടാർ (2,042 കോടി രൂപ), വിപ്രോ സ്ഥാപകൻ അസിം പ്രേംജി (1,774 കോടി രൂപ), റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി (376 കോടി രൂപ) എന്നിവരാണ് ആദ്യ മൂന്നു സ്ഥാനങ്ങളിൽ.

മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് സമ്പത്ത് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിൽ ഇന്ത്യ മുന്നിലാണെന്ന് ഹുറുൺ ഇന്ത്യ എം.ഡി.യും ചീഫ് റിസർച്ചറുമായ അനസ് റഹ്മാൻ ജുനൈദ് പറഞ്ഞു.

# രാജ്യത്തെ പത്ത് ലക്ഷത്തിലധികം പേർ പ്രമേഹ ബാധിതരെന്ന് പഠനം

**കൊച്ചി:** രാജ്യത്തെ ജനസംഖ്യയുടെ ഒരു ദശലക്ഷത്തിലധികം പേർ പ്രമേഹരോഗവുമായി മല്ലടിക്കുകയാണെന്ന് മദ്രാസ് ഡയബറ്റിസ് റിസർച്ച് ഫൗണ്ടേഷനും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും ചേർന്ന് നടത്തിയ പഠനം വ്യക്തമാക്കുന്നു. 136 മില്യൺ പൗരൻമാർ, പ്രീഡയബറ്റിസ് എന്ന് വിളിക്കുന്ന പ്രമേഹത്തിന് മുമ്പുള്ള അവസ്ഥയിലായിരിക്കാമെന്നും അടുത്തിടെ നടത്തിയ പഠനം വ്യക്തമാക്കുന്നു.

നവംബർ 14ന് ലോക പ്രമേഹ ദിനം ആചരിക്കുമ്പോൾ, വർധിച്ചുവരുന്ന പ്രമേഹ മഹാമാരിയിലേക്കും ആഗോള ശ്രദ്ധ ആകർഷിക്കപ്പെടുകയാണ്. പ്രത്യേകിച്ച് ഈ പ്രതിസന്ധിയുടെ പ്രഭവകേന്ദ്രം കൂടിയായ ഇന്ത്യ ലോകത്തിന്റെ പ്രമേഹ തലസ്ഥാനം എന്ന വിശേഷണം വഹിക്കുന്ന സാഹചര്യത്തിൽ. ടൈപ്പ് 2 പ്രമേഹത്തിനുള്ള ഒരാളുടെ അപകടസാധ്യത മനസിലാക്കേണ്ടതിന്റെ പ്രാധാന്യത്തിനൊപ്പം, ഈ അവസ്ഥയുടെ ആരംഭം തടയാനോ കാലതാമസം വരുത്താനോ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് ഈ വർഷത്തെ ലോക പ്രമേഹ ദിനം ഊന്നിപ്പറയുന്നത്. ഈ സാഹചര്യത്തിൽ, ബദാം പതിവായി കഴിക്കുന്നത് പ്രീ ഡയബറ്റിസിനെ മാറ്റുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണത്തിന് 30 മിനിറ്റ് മുമ്പ് 20 ഗ്രാം ബദാം കഴിക്കുന്നത് ചില വ്യക്തികളിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് തോത് മെച്ചപ്പെടുത്തുമെന്ന് സമീപകാല പഠനങ്ങൾ എടുത്തുകാണിക്കുന്നുണ്ട്.

പ്രീ ഡയബറ്റിസ് രോഗികളിൽ 23.3% (30ൽ 7) ഭക്ഷണത്തിന് മുമ്പ് ബദാം (20 ഗ്രാം) കഴിച്ചതിന് ശേഷം രക്തത്തിലെ പഞ്ചസാരയുടെ അളവ് സാധാരണ നിലയിലേക്ക് തിരിച്ചെത്തിയതായും കണ്ടെത്തി. 12 ആഴ്ച ബദാം ദിവസവും കഴിക്കുന്നത് ഇൻസുലിൻ പ്രതിരോധം കുറയ്ക്കുകയും ഗ്ലൂക്കോസ് ദൃഢമാക്കുകയും, പാൻക്രിയാറ്റിക് പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുമെന്ന് മറ്റൊരു പഠനം വെളിപ്പെടുത്തുന്നു. കൂടാതെ, ദിവസേന ബദാം കഴിക്കുന്നത് ശരീരഭാരം ഗണ്യമായി കുറയാനും ബിഎംഐ (ബോഡി മാസ് ഇൻഡക്സ്), അരക്കെട്ടിന്റെ ചുറ്റളവ്, മൊത്തം കൊളസ്ട്രോളിന്റെ കുറവ് എന്നിവയ്ക്കും സഹായകരമാവുമെന്നും കണ്ടെത്തിയിട്ടുണ്ട്.

# നാടൻ കലകളുടെ വസന്തോത്സവം നവംബർ 8 മുതൽ ചെറായി ബീച്ചിൽ

**കൊച്ചി:** നാടിന്റെ ടൂറിസം വികസനത്തിനും സാംസ്കാരിക മുന്നേറ്റത്തിനും ഊർജ്ജം പകരുന്ന വൈപ്പിൻ വസന്തോത്സവം 2023 ചെറായി ബീച്ച് വോയിറ്റോ വില്ലയിൽ നവംബർ 8, 9 തീയതികളിലായി വൈകിട്ട് 5 മുതൽ നടക്കുമെന്ന് കെ.എൻ ഉണ്ണികൃഷ്ണൻ എംഎൽഎ അറിയിച്ചു. സാംസ്കാരിക വിനിമയവും ലക്ഷ്യമിടുന്ന വസന്തോത്സവത്തിൽ 5 സംസ്ഥാനങ്ങളിലെ സാംസ്കാരികത്തനിമ ആവാഹിക്കുന്ന വൈവിധ്യമാർന്ന 8 കലാരൂപങ്ങൾ 120 കലാകാരൻമാരും കലാകാരികളും ചേർന്ന് അവതരിപ്പിക്കും.

ആദ്യദിനത്തിൽ തമിഴ്നാടിന്റെ തപ്പാട്ടം, സിലമ്പാട്ടം, കേരളത്തിന്റെ മാരി തെയ്യം, പുലികളി എന്നിവയും രണ്ടാം ദിനത്തിൽ കർണാടകയുടെ ഡൊല്ലു കുനിത, കംസാലെ, ഒഡീഷയുടെ ദല്ഖായി, തെലങ്കാനയിലെ ഗുസ്സാഡി എന്നിവയും അരങ്ങേറും.

വൈവിധ്യമാർന്ന കലാ  സാംസ്കാരിക സമൃദ്ധി ആസ്വദിക്കാൻ അത്യപൂർവ്വ അവസരമാണ് വസന്തോത്സവം ഒരുക്കുന്നത്. തഞ്ചാവൂർ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ നടക്കുന്ന  വസന്തോത്സവത്തിന്റെ ഏകോപനം ലോക ധർമ്മി നാടക വീട് നിർവഹിക്കും.

പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് അഡ്വ. സുനിൽ ഹരീന്ദ്രൻ ചെയർമാനും വി.ബി സേതുലാൽ ജനറൽ കൺവീനറുമായി വിപുലമായി സംഘാടക സമിതി രൂപീകരിച്ചു. ലോകധർമ്മി സ്ഥാപകൻ ഡോ. ചന്ദ്രദാസൻ, അഡ്വ. സുനിൽ ഹരീന്ദ്രൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഗ്രോത്ത് പൾസ് നിലവിലുള്ള സംരംഭകർക്കുള്ള പരിശീലനം

**കൊച്ചി:** പ്രവർത്തനം കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് 5 ദിവസത്തെ ഗ്രോത്ത് പൾസ് എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. നവംബർ 21 മുതൽ 25 വരെ കളമശ്ശേരി കീഡ് ക്യാമ്പസ്സിലാണ് പരിശീലനം.

നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവർത്തിപരിചയമുള്ള സംരംഭകർക്ക് olulemolo 600. മാർക്കറ്റിംഗ് സ്ട്രാറ്റജീസ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ജിഎസ്ടി ആന്റ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, സെയിൽസ് പ്രോസസ് ആന്റ് ടീം മാനേജ്മെന്റ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3,540 രൂപ ആണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്.  കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/7012376994

# 2023 എആർആർസി: അഞ്ചാം റൗണ്ടിലും നിർണായക പോയിൻറുകളുമായി ഹോണ്ട റേസിങ് ഇന്ത്യ ടീം

**കൊച്ചി:** ചൈനയിൽ നടന്ന 2023 ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിൻറെ (എആർആർസി) അഞ്ചാം റൗണ്ടിലും മികച്ച പ്രകടനവുമായി ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം. അഞ്ചാം റൗണ്ടിൽ ആകെ 6 പോയിൻറുകളാണ് ടീം നേടിയത്. സുഹായ് ഇൻറർനാഷണൽ സർക്യൂട്ടിൽ നടന്ന ചാമ്പ്യൻഷിപ്പിൻറെ എപി 250സിസി ക്ലാസ് വിഭാഗത്തിൽ ആദ്യ റേസിൽ കാവിൻ ക്വിൻറൽ 19:11.505 ലാപ് സമയത്തിൽ 14ാം സ്ഥാനത്തെത്തി രണ്ട് പോയിൻറുകൾ നേടി, മൊഹ്സിൻ പറമ്പൻ 17ാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. രണ്ടാം റേസിലും കാവിൻ ക്വിൻറൽ മികവ് ആവർത്തിച്ചു. 18:53.358 സമയത്തിൽ മത്സരം പൂർത്തീകരിച്ച താരം 12ാം സ്ഥാനത്തെത്തി നാലു പോയിൻറുകളും ടീമിനായി നേടി. 19:21.802 ലാപ് സമയത്തിൽ മൊഹ്സിൻ പറമ്പൻ 18ാം സ്ഥാനത്തായി.

അഞ്ച് റൗണ്ട് പൂർത്തിയായ ചാമ്പ്യൻഷിപ്പിൽ ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീമിൻറെ ആകെ പോയിൻറ് സമ്പാദ്യം 27 ആയി. കൂടുതൽ മികച്ച പ്രകടനത്തിനായി 2023 ഡിസംബർ 1 മുതൽ 3 വരെ തായ്ലൻഡിൽ നടക്കുന്ന 2023 എഫ്ഐഎം ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിൻറെ അവസാന റൗണ്ടിനായി കാത്തിരിക്കുകയാണ്


ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം

ഏറെ മത്സരാത്മകമായ അഞ്ചാം റൗണ്ടിൽ തങ്ങളുടെ റൈഡർമാർ മികച്ച പ്രകടനം കാഴ്ചവച്ചെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു. കാവിനും മൊഹ്സിനും തങ്ങളുടെ ഏറ്റവും മികച്ച പ്രകടനം കാഴ്ച്ചവെച്ചതിൽ ഏറെ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

എല്ലാവർക്കും കടുത്ത പോരാട്ടമായിരുന്നുവെന്നും, തനിക്കാവുന്നതെല്ലാം നൽകി ടീമിനായി വിലപ്പെട്ട പോയിൻറുകൾ നേടാൻ കഴിഞ്ഞെന്നും ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ റെഡർ കാവിൻ ക്വിൻറൽ പറഞ്ഞു.

മത്സരത്തിലുടനീളം കരുത്തോടെ നിലകൊള്ളുക എന്നതായിരുന്നു ലക്ഷ്യമെന്നും, ഓരോ ഓട്ടവും കഴിവുകൾ വളർത്താനും പരിഷ്കരിക്കാനുമുള്ള അവസരമാണെന്നും ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യയുടെ മലയാളി റൈഡറായ മൊഹ്സിൻ പറമ്പൻ പറഞ്ഞു.

# ദീപാവലിക്ക് ക്രോമയുടെ ഫെസ്റ്റിവൽ ഓഫ് ഡ്രീംസ്

**കൊച്ചി:** ടാറ്റാ സ്ഥാപനമായ ക്രോമ ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി നിരവധി ഡീലുകളും ആനുകൂല്യങ്ങളുമായി ഫെസ്റ്റിവൽ ഓഫ് ഡ്രീംസ് അവതരിപ്പിച്ചു. സ്റ്റോറുകളിലും ക്രോമ വെബ്സൈറ്റായ ക്രോമഡോട്ട്കോമിലും നവംബർ 15 വരെയാണ് ഫെസ്റ്റിവൽ ഓഫ് ഡ്രീംസ് ഓഫറുകൾ നിലവിലുണ്ടാകുക. സ്മാർട്ട് ടിവി മുതൽ ലാപ്ടോപ്പു വരെയും വാഷിങ് മിഷ്യനും എസിയും റഫ്രിജറേറ്ററുകളും സ്മാർട്ട് ഫോണും ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ ഓഫറുകൾ ലഭ്യമാണ്.

55, 65, 75 ഇഞ്ച് സ്ക്രീൻ വലിപ്പങ്ങളിലുള്ള 4കെ എൽഇഡി ടിവികളുടെ ശ്രേണിയാണ് ക്രോമയിലുള്ളത് പ്രതിമാസം 2990 രൂപ മുതൽ എന്ന ഇഎംഐയിൽ ഇപ്പോൾ ലഭ്യമാണ്.  55 ഇഞ്ച് സാംസഗ് ലൈഫ്സ്റ്റൈൽ ഫ്രെയിം ടിവികളും ഇതേ പ്രതിമാസ തുകയ്ക്ക് ലഭിക്കും. ഇതിനൊപ്പം 8990 രൂപ വിലയുള്ള ബെസൽ സൗജന്യമായും ലഭിക്കും.

ഇൻറൽ കോർ ഐ3 ലാപ്ടോപ്പുകൾ 30,900 രൂപ മുതൽ ലഭിക്കും. 24 മാസം വരെയുള്ള ഇഎംഐ ഡീലുകളും ലഭ്യമാണ്. 256 ലിറ്റർ ഫ്രോസ്റ്റ് ഫ്രീ ഇൻവർട്ടർ റഫ്രിജറേറ്റർ 22,990 രൂപയ്ക്കാണ് ലഭ്യമാക്കിയിരിക്കന്നത്. 256 ലിറ്റർ കൺവർട്ടബിൾ റഫ്രിജറേറ്ററുകൾ 28,990 രൂപ എന്ന വിലയിൽ അവതരിപ്പിക്കുന്നു. കൂടുതൽ വലിയ റഫ്രിജറേഷൻ ആവശ്യങ്ങൾക്കായി 400 ലിറ്റർ പ്ലസ് ബോട്ടം മൗണ്ട് കൺവർട്ടബിൾ റഫ്രിജറേറ്റർ 1994 രൂപ മുതലുള്ള ഇഎംഐയിലും ലഭ്യമാണ്.




ഫ്രിജറേറ്റർ സൗജന്യമായി ലഭിക്കും. ക്രോമ വാഷിങ് മിഷ്യൻ വാങ്ങുമ്പോൾ 2000 വാട്ട് സ്റ്റീം അയേണും സൗജന്യമായി ലഭിക്കും. ക്രോമ 8 കിലോഗ്രാം 5 സ്റ്റാർ ഇൻവർട്ടർ ഫുള്ളി ഓട്ടോമാറ്റിക് ടോപ് ലോഡ് വാഷിങ് മിഷ്യൻ 1799 രൂപ മുതലെന്ന ഇഎംഐയിൽ ലഭിക്കും. 999 രൂപ വിലയ്ക്ക് സ്മാർട്ട് വാച്ചുകളും ലഭിക്കും.

ക്രോമ 13499 രൂപ മുതൽ 5ജി ഫോണുകളും അവതരിപ്പിച്ചിട്ടുണ്ട്. തിരഞ്ഞെടുത്ത ഫോണുകൾ വാങ്ങുമ്പോൾ 49 രൂപയ്ക്ക് ബ്ലൂടൂത്ത് കോളിങ് വാച്ച് നേടുകയും ചെയ്യാം. മാക്ബുക്ക് എയർ 49500 രൂപ മുതലും മാക്ബുക്ക് പ്രതിമാസം 2299 രൂപ ഇഎംഐയിലും ലഭ്യമാണ്.

ക്രോമയുടെ സ്വന്തം ലേബലിലുള്ള ഉൽപന്നങ്ങളുടെ സവിശേഷമായ പാക്കുകളും ക്രോമ സ്റ്റോറുകളിലും ക്രോമഡോട്ട്കോമിലും ലഭിക്കും.

ക്രോമഡോട്ട്കോമിൽ എച്ച്ഡിഎഫ്സി, ഐസിഐസിഐ ബാങ്കുകളുടെ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾക്ക് പരമാവധി 2000 രൂപ വരെയെന്ന നിലയിൽ പത്തു ശതമാനം തൽക്ഷണ ഇളവും നേടാം. പ്രമുഖ ബാങ്ക് കാർഡുകൾക്ക് 12 മാസം വരെയുള്ള നോ കോസ്റ്റ് ഇഎംഐയും ലഭിക്കും.



ഇൻഫോപാർക്കിലെ ഫോർ പോയിന്റ്സ് ഷെറാട്ടൺ ഹോട്ടലിൽ ആരംഭിച്ച ഓൾ സ്പൈസസ് റസ്റ്ററന്റ് ഫോർ പോയിന്റ്സ് ബൈ ഷെറാട്ടൺ ജനറൽ മാനേജർ ഷിബാനി മൽഹോത്ര ഉദ്ഘാടനം ചെയ്യുന്നു. ലെ മെറിഡിയൻ ജനറൽ മാനേജർ ദീപ്‌രാജ് മുഖർജി, ഷെറാട്ടൺ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ പ്രദീപ് മേനോൻ, ഫുഡ് ആൻഡ് ബിവറേജ് ഡയറക്ടർ മയൂർ മാർഗംവർ എന്നിവർ സമീപം.

# ഫോർ പോയിന്റ്സ് ഷെറാട്ടൺ ഹോട്ടലിൽ പുതിയ ഓൾ സ്പൈസസ് റസ്റ്ററന്റ് ആരംഭിച്ചു

**കൊച്ചി:** ഇൻഫോപാർക്കിലെ ഫോർ പോയിന്റ് ഷെറാട്ടൺ ഹോട്ടലിൽ പുതിയ ഓൾ സ്പൈസസ് റസ്റ്ററന്റ് ആരംഭിച്ചു. മാരിയറ്റ് ഇന്റർനാഷനലിന്റെ പുതിയ രുചിക്കൂട്ടുകൾ ഇവിടെ ലഭ്യമാകും. ഷെഫ് ഷാനവാസ് ഖുറേഷി, ഫുഡ് ആൻഡ് ബിവറേജ് ഡയറക്ടർ മയൂർ മാർഗംവർ, സെയിൽസ് ഡയറക്ടർ പ്രദീപ് മേനോൻ എന്നിവരുടെ സാന്നിധ്യത്തിലാണ് റസ്റ്ററന്റ് ആരംഭിച്ചത്. ജനറൽ മാനേജർ ഷിബാനി മൽഹോത്ര ഉദ്ഘാടനം ചെയ്തു. പരമ്പരാഗത ഇന്ത്യൻ വിഭവങ്ങളുടെയും രാജ്യത്തുടനീളമുള്ള നാടൻ സുഗന്ധവ്യഞ്ജനങ്ങളുടെയും പാചക പാരമ്പര്യങ്ങളുടെയും വൈവിധ്യമാർന്ന രുചികൾ ഇവിടെ ലഭിക്കും. 32 വിഭവങ്ങളാകും ഇവിടെ ലഭ്യമാവുക. ഉച്ചയ്ക്ക് ഒരു മണി മുതൽ വൈകിട്ട് മൂന്നര വരെ ഉച്ചഭക്ഷണവും രാത്രി ഏഴ് മുതൽ പതിനൊന്ന് വരെ ഡിന്നറും ലഭിക്കും. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള തനതായ രുചിക്കൂട്ടുകളിലാകും വിഭവങ്ങൾ ലഭിക്കുക. നാല് മാസത്തെ ഗവേഷണത്തിനൊടുവിലാണ് തനത് രുചിയിൽ വിഭവങ്ങൾ തയാറാക്കുന്നത്.

അവിസ്മരണീയ ഡൈനിംഗ് അനുഭവം സമ്മാനിക്കാൻ നൂതനമായ പാചക രീതികളാണ് ഉപയോഗിക്കുന്നതെന്ന് ജനറൽ മാനേജർ ഷിബാനി മൽഹോത്ര പറഞ്ഞു. പ്രശസ്തമായ ഖുറേഷി കുടുംബത്തിലെ നാലാം തലമുറയിൽപ്പെട്ട ഷെഫ് ഷാനവാസ് ഖുറേഷിയാണ് ഓൾ സ്പൈസസിലെ അതുല്യമായ രുചിക്ക് പിന്നിലെ മാസ്റ്റർ ബ്രെയിൻ. ലഖ്നൗവിലെ പ്രശസ്ത കബാബ് സ്ഥാപനമായ ടുണ്ടെ കെകബാബിലാണ് ഷാനവാസിന്റെ തുടക്കം. അവിടെ നിന്ന് സ്ലോ കുക്കിംഗ്, മാരിനേഷൻ, വിവിധ മാംസങ്ങളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും സങ്കലനം എന്നിവയിൽ വൈദഗ്ധ്യം നേടി.

പരമ്പരാഗത ഇന്ത്യൻ വിഭവങ്ങളെ ക്രിയേറ്റിവ് പ്ളേറ്റിങ്ങിലൂടെ ആധുനിക അവതരണങ്ങളിലൂടെ മികച്ച ഡൈനിംഗ് അനുഭവം സമ്മാനിക്കുകയാണ് ഓൾ സ്പൈസസിൽ. ഷെഫ് ടേബിൾ പോലെയുള്ള സംവേദനാത്മക അനുഭവങ്ങളും ഇവിടെ ഒരുക്കുന്നു.ഇന്ത്യൻ ഇൻസ്ട്രുമെന്റൽ സംഗീതത്തിന്റെ മധുര ശബ്ദങ്ങളും റസ്റ്ററന്റിൽ ആസ്വദിക്കാം.



## സർവ്നിക് കൗറിന്റെ എഗെയ്ൻസ്റ്റ് ദി ടൈഡിന് ഗോൾഡൻ ഗേറ്റ്വേ അവാർഡ്

**മുംബൈ:** നിതാ മുകേഷ് അംബാനി കൾച്ചറൽ സെന്ററിൽ സമാപിച്ച ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ ചലച്ചിത്രമേളകളിലൊന്നായ ജിയോ മാമി മുംബൈ ഫിലിം ഫെസ്റ്റിവലിൽ സർവ്നിക് കൗറിന്റെ എഗെയ്ൻസ്റ്റ് ദി ടൈഡിന് ഗോൾഡൻ ഗേറ്റ്വേ അവാർഡ് ലഭിച്ചു. കനു ബെഹലിന്റെ ആഗ്രയ്ക്ക് പ്രത്യേക ജൂറി അവാർഡും ലഭിച്ചു. സമാപന ചടങ്ങിൽ ജാൻവി കപൂർ, വിശാൽ ഭരദ്വാജ്, മാനുഷി ചില്ലർ, കിരൺ റാവു, മീരാ നായർ തുടങ്ങി ലോകമെമ്പാടുമുള്ള നിരവധി മികച്ച പ്രതിഭകൾ പങ്കെടുത്തു. ഈ വർഷത്തെ ജിയോ മാമിയിൽ 70 വ്യത്യസ്ത രാജ്യങ്ങളിൽ നിന്നായി 70 ഭാഷകളിലായി 300ലധികം ചിത്രങ്ങളുണ്ടായിരുന്നു. ഇതിൽ 70 സിനിമകൾ വനിതാ സംവിധായകരുടേതായിരുന്നു. ഫെസ്റ്റിവലിൽ 40 ലോക പ്രീമിയറുകളും 45 ഏഷ്യൻ പ്രീമിയറുകളും 70ലധികം സൗത്ത് ഏഷ്യൻ പ്രീമിയറുകളും ഉണ്ടായിരുന്നു. 8 വേദികളിലും 20 സ്ക്രീനുകളിലുമായി ആയിരുന്നു ഫെസ്റ്റിവൽ അരങ്ങേറിയത്.

ജൂറി മേധാവി മീരാ നായർ, ഓസ്ട്രേലിയൻ എഴുത്തുകാരിയും ചലച്ചിത്ര നിർമ്മാതാവുമായ ഡേവിഡ് മൈക്കോഡ്, ഫിലിപ്പിനോ ചലച്ചിത്ര നിർമ്മാതാവും അഭിനേതാവുമായ ഇസബെൽ സാൻഡോവൽ, ഫ്രഞ്ച് ചലച്ചിത്ര നിരൂപകനും ഫെസ്റ്റിവൽ ഡയറക്ടറുമായ എഡ്വാർഡ് വൈൻട്രോപ്പ് എന്നിവരടങ്ങിയ ജൂറിയാണ് സൗത്ത് ഏഷ്യ മത്സര പുരസ്കാരങ്ങൾ സമ്മാനിച്ചത്. പ്രതിഭാധനനായ നടൻ കൽക്കി കോച്ച്ലിൻ ആതിഥേയത്വം വഹിച്ച സമാപന ചടങ്ങിൽ ഇന്ത്യൻ, അന്തർദേശീയ ചലച്ചിത്ര മേഖലകളിൽ നിന്നുള്ള പ്രമുഖ അതിഥികൾ പങ്കെടുത്തു. സമാപന ചടങ്ങിൽ വിവിധ മത്സര വിഭാഗങ്ങളിലെ ചലച്ചിത്ര പ്രവർത്തകരെ ആദരിച്ചു.

## സിബിഎസ്ഇ ഇന്റർ സ്കൂൾ നീന്തൽ മത്സരം ഇന്ന്

**കൊച്ചി:** ഓൾ കേരള സിബിഎസ്ഇ ഇന്റർസ്കൂൾ നീന്തൽ മത്സരമായ അക്വാട്ടിക് ചാലഞ്ച് ഇന്ന് നടക്കും. കാക്കനാട് ഇൻഫോപാർക്ക് ഫേസ് രണ്ടിലെ സൻസ്കാര സ്കൂളിൽ നടക്കുന്ന രാവിലെ 9 മുതൽ ആരംഭിക്കുന്ന മത്സരത്തിൽ 21 ടീമുകൾ പങ്കെടുക്കും. ഇരുന്നൂറിലേറെ മത്സരാർഥികൾ ചലഞ്ചിന്റെ ഭാഗമാവും. അണ്ടർ 12, അണ്ടർ 14, അണ്ടർ 16 പ്രായ വിഭാഗങ്ങളിലാണ് മത്സരങ്ങൾ. ടീം ചാമ്പ്യൻമാർക്ക് മുത്തൂറ്റ് ഫിനാൻസ് സ്പോൺസർ ചെയ്യുന്ന ക്യാഷ് അവാർഡുകൾ സമ്മാനമായി നൽകും.

# ഏലക്കായ് കയറ്റുമതിയ്ക്ക് മാസ് എന്റർപ്രൈസസ് ലിമിറ്റഡിന് അവാർഡ്

**കൊച്ചി:** ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉദ്പാദന വിതരണ രംഗത്തെ പ്രശസ്ത ബ്രാന്റ് പാലാട്ട് ന്റെ നിർമിതാക്കൾ ആയ മാസ് എന്റർപ്രൈസസ് ലിമിറ്റഡിന് ഏലക്കായ് കയറ്റുമതിയ്ക്ക് ദേശീയ അവാർഡ് ലഭിച്ചു. കയറ്റുമതി രംഗത്തെ മികവും രാജ്യത്തെ വിദേശനാണ്യ സമ്പാദനത്തിന് നൽകുന്ന സംഭാവനയും കണക്കിലെടുത്ത് കേന്ദ്ര സർക്കാർ നൽകുന്ന ത്രീ സ്റ്റാർ എക്സ്പോർട്ട് ഹൗസ് (Three Star Export House) അംഗീകാരം ലഭിച്ചിട്ടുള്ള മാസ് എന്റർപ്രൈസസ് ലിമിറ്റഡ്, ഇന്ത്യയിൽ നിന്ന് 201718 സാമ്പത്തിക വർഷം ഏറ്റവും കൂടുതൽ ഏലക്കായ് കയറ്റുമതി ചെയ്തതിനുള്ള ടോപ് മോസ്റ്റ് എക്സ്പോർട്ടർ ഓഫ് കാർഡമമം (സ്മോൾ) (Top Most Exporter of Car-da-mom അവാർഡ് ആണ് കരസ്ഥമാക്കിയത്. സുഗന്ധ ദ്രവ്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയ്ക്ക് സ്പൈസസ് ബോർഡ് ഏർപ്പെടുത്തിയ സർട്ടിഫിക്കേറ്റ് ഓഫ് മെരിറ്റും കമ്പനി കരസ്ഥമാക്കി.



നവിമുംബൈയിൽ നടന്ന വേൾഡ് സ്പൈസസ് കോൺഗ്രസിന്റെ പ്രൗഢഗംഭീരമായ വേദിയിൽ വെച്ച് കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയൽ, സഹമന്ത്രി അനുപ്രിയ പട്ടേൽ എന്നിവരിൽ നിന്നും മാസ് എന്റർപ്രൈസസ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ആൻജോ ജോസ്, ടോംസൺ സിറിൽ, ജനറൽ മേനേജർ രാജൻ സാത്തി എന്നിവർ ചേർന്ന് അവാർഡും ട്രോഫിയും പ്രശസ്തി പത്രവും ഏറ്റുവാങ്ങി.

യൂറോപ്പ്യൻ യൂണിയൻ ഉൾപ്പടെയുള്ള വിദേശ രാജ്യങ്ങളിലേയ്ക്ക് കറി പൗഡർ, അച്ചാർ, ജാം, പുട്ടുപൊടി തുടങ്ങിയവ കയറ്റുമതി ചെയ്യാൻ ആവശ്യമായ ഉന്നത ഗുണനിലവാരം ഉറപ്പ് വരുത്തുന്ന സർട്ടിഫിക്കേറ്റ് ഉള്ള പാലാട്ട് ബ്രാന്റ് ഉൽപ്പന്നങ്ങളുടെ നിർമാതാക്കൾ ആയ മാസ് എന്റർപ്രൈസസ് ലിമിറ്റഡിന് 2011 മുതൽ നിരവധി തവണ കയറ്റുമതിയ്ക്ക് ഉള്ള അവാർഡ് ലഭിച്ചിട്ടുണ്ട് എന്ന് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ടി.ടി. ജോസ് വിശദീകരിച്ചു.

ഗുണനിലവാരത്തിലും വിശ്വസ്തതയിലും സ്വീകരിച്ചു വരുന്ന കർക്കശവും വിട്ടുവീഴ്ചയില്ലാത്തതുമായ സമീപനവും അർപ്പണബോധത്തോടെ പ്രവർത്തിയ്ക്കുന്ന ജീവനക്കാരുമാണ് കമ്പനിയുടെ വിജയത്തിന്റെ രഹസ്യം എന്നും അദ്ദേഹം വിശദീകരിച്ചു. പ്ലാന്റേഷൻ, ഏലക്ക ലേലം, കാർഷിക ഉപകരണ വിപണനം തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിച്ചു വരുന്ന മാസ് ഗ്രൂപ്പിന് ടൂറിസം രംഗത്തും ശ്രദ്ദേയമായ സാന്നിദ്ധ്യം ഉണ്ട്.

മൂന്നാർ ചിന്നക്കനാലിലുള്ള ആയുർ കൗണ്ടി റിസോർട്ട് മാസ് ഗ്രൂപ്പിന്റെ ഉടസ്ഥതയിലുള്ളതാണ്. ഇടുക്കി ജില്ലയിലെ വണ്ടൻമേട്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി ജൈവ ഉൽപ്പന്നങ്ങളുമായി അന്താരാഷ്ട്ര വിപണിയിൽ മുന്നേറുവാനുള്ള തയ്യാറെടുപ്പിലാണ്.

വാർത്താ സമ്മേളനത്തിൽ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ടി.ടി.ജോസ്, ഡയറക്ടർമാരായ ആന്റോ ജോസ്, ടോംസൺ സിറിൽ, അഞ്ചു ടോംസൺ, ജനറൽ മേനേജർ രാജൻ സാത്തി എന്നിവർ പങ്കെടുത്തു.

# ബാദ്ഷ ബ്രാൻഡ് ബിരിയാണി റൈസ് വില്പന വിപുലീകരിക്കുന്നു

**കൊച്ചി:** പുരാതനവും പ്രീമിയവുമായ ബിരിയാണി റൈസ് ബ്രാൻഡുകളിലൊന്നായ മെസ ആഗ്രോ പ്രോഡക്ഷൻസിൻറെ ബാദ്ഷ ബ്രാൻഡ് ബിരിയാണി അരിയുടെ കേരള വിപണിയിലെ വിൽപ്പന വിപുലീകരിക്കുന്നതിനും വ്യാജ ബ്രാൻഡുകൾക്കെതിരെ വിവിധ പദ്ധതികളും ആരംഭിച്ചു.

വിപണി സാന്നിധ്യം വിപുലീകരിക്കുന്നതിൻറെ ഭാഗമായി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ നിലവിലെ ഡീലർമാരുടെ എണ്ണവും വിപണി വിഹിതവും ഇരട്ടിയാക്കാനുമാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് മാനേജിംഗ് ഡയറക്ടർ ഗണേഷ് മെഹ്റ പത്രസമ്മേളനത്തിൽ അറിയിച്ചു. കൂടാതെ വീട്ടമ്മമാർ, പാചക വിദഗ്ദ്ധർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ പാചക ക്ലാസുകൾ, പാചക മത്സരങ്ങൾ, ഉപഭോക്താക്കൾക്കായി സമ്മാനപദ്ധതികൾ തുടങ്ങി ഒരു വർഷത്തെ വിവിധ പരിപാടികൾ സംഘടിപ്പിക്കുമെന്നും ബ്രാൻഡ് പ്രമോഷൻറെ ഭാഗമായുള്ള റോഡ് ഷോ കൊച്ചിയിൽ ഫ്ലാഗ് ഓഫ് ചെയ്തു. റോഡ് ഷോയിലെ സെൽഫി വിത്ത് ബാദ്ഷ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് വിവിധ സമ്മാനങ്ങളും മെഗാ സമ്മാനമായി രണ്ടു ഗ്രാമ സ്വർണ്ണനാണയവും നൽകുമെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ 40 വർഷങ്ങളായി ഇന്ത്യൻ വിപണിയിൽ സജീവ സാന്നിധ്യമുള്ള ബാൻഡ് 1996 മുതലാണ് കേരളത്തിൽ വിതരണം ആരംഭിച്ചതെന്ന് കമ്പനി മാർക്കറ്റിംഗ് മാനേജർ (കേരളം) സതീശൻ ടി.ഇ പറഞ്ഞു. എന്നാൽ ഏതാനും നാളുകളായി കമ്പനിയുടെ ട്രേഡ് മാർക്കിന് സമാനമായ വ്യാജ ബ്രാൻഡുകൾ വിപണി കീഴടക്കിയിരിക്കുകയാണ്. ഇത് ഉപക്താക്കളെയും വ്യാപാരികളെയും കമ്പനിയെയും ഒരുപോലെ ബാധിക്കുന്നുണ്ട്. ഇതിനൊരു പരിഹാരമായി കൂടിയാണ് ഈ ബ്രാൻഡ് പ്രമോഷൻ പരിപാടികളെന്നും അദ്ദേഹം അറിയിച്ചു.




ബാദ്ഷ ബ്രാൻഡ് ബിരിയാണി അരിയുടെ പ്രചാരണ പരിപാടിയുടെ ഭാഗമായി ആരംഭിച്ച സെൽഫി വിത്ത് ബാദ്ഷ ക്യാമ്പയിൻറെ ഉദ്ഘാടനം കമ്പനി എം ഡി ഗണേഷ് മെഹ്റയും ശ്രീ മഹാവീർ ട്രേഡേഴ്സ് ഉടമ ഭാവിക് എം. പോർച്ചേയും ചേർന്ന് നിർവ്വഹിക്കുന്നു. ദേവരാജ് പയ്യന്നൂർ, സതീശൻ ടി.ഇ, ആർ അജയ് എന്നിവർ സമീപം

ഉന്നത ഗുണ നിലവാരമുള്ള കൈമ റൈസ് ഉണ്ടാക്കുന്ന ഗോവിന്ദ് ബോഗ് ഇനത്തിൽപ്പെട്ട നെല്ല് കൃഷി ചെയ്യുന്ന പശ്ചിമ ബംഗാളിലെ വർദ്ധമാൻ ജില്ലയിൽ നിന്നുള്ള നെല്ലാണ് പൂർണ്ണമായും ഈ ബ്രാൻഡിൻറെ ഉല്പാദനത്തിന് ഉപയോഗിക്കുന്നത്. നല്ല സുഗന്ധവും മുന്തിയ നിലവാരവുമുള്ള ഈ അരിയെ കൈമ, ജീരക, ബിരിയാണി റൈസ് എന്നീ പേരുകളിലും വിപണിയിൽ അറിയപ്പെടുന്നു. വയലുകളിൽ നിന്നും നേരിട്ട് നെല്ല് ശേഖരിച്ച് ശുദ്ധീകരിച്ചു രണ്ടു വർഷം ആധുനിക സൗകര്യങ്ങളുള്ള സംഭരണശാലകളിൽ സൂക്ഷിച്ച ശേഷം വിവിധ പ്രക്രിയകളിലൂടെ അരിയാക്കും. തുടർന്ന് 50, 25, 5, 2, 1 കിലോ പാക്കറ്റുകളിലാക്കി വിപണികളിൽ എത്തിക്കുന്നു. ശ്രീ മഹാവീർ ട്രേഡേഴ്സ് ഉടമ ഭാവിക് എം. പോർച്ചേ, സിനിമാതാരം ദേവരാജ് പയ്യന്നൂർ, സംവിധായകൻ ആർ. അജയ് എന്നിവരും പത്രസമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

# ഫർണീച്ചറുകളുടെ രൂപഭാവ മാറ്റത്തിന് ഫെവിക്കോൾ റിലം



തിരുവനന്തപുരം: ഫർണീച്ചർ നവീകരണത്തിന് അനുയോജ്യമായ പരിഹാരവുമായി ഫെവിക്കോൾ റിലം. ഉത്സവ സീസണിൽ ചുവരുകൾ പെയിന്റ് ചെയ്യുമ്പോഴോ അപ്ഹോൾസ്റ്ററി മാറ്റുമ്പോഴോ ഫർണീച്ചർ നവീകരണം പലപ്പോഴും നടക്കാറില്ല. ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമാണെന്ന് കണക്കാക്കപ്പെടുന്നതിനാലാണിത്. ഇതിന് പരിഹാരമാണ് ഫെവിക്കോൾ റിലമെന്ന് ബ്രാൻഡ് അവകാശപ്പെടുന്നു.

ഫെവിക്കോൾ റിലം ഉപയോഗിച്ച് യാതൊരുതടസവും, ശബ്ദവും, പൊടിയും കൂടാതെ തന്നെ വീടിന്റെ ഫർണിച്ചറുകൾക്ക് പുത്തൻ രൂപം നൽകാനാവും. ഈ പശ ഉപയോഗിച്ച് ലാമിനേറ്റ് ഒട്ടിക്കാനും അതുവഴി ഫർണിച്ചർ നവീകരണ പ്രക്രിയ ലളിതമാക്കാനും കഴിയും. 78 മണിക്കൂറിനുള്ളിൽ തൽക്ഷണ ഹോൾഡിങ് ശക്തിയും പ്രോസസിങ് കരുത്തും നൽകുന്നതാണ് ഫെവികോൾ റിലം പശ. ഇതിന് പ്രത്യേക മണമില്ല. ശക്തമായ മിശ്രിതം ആവശ്യമില്ലാത്തതിനാൽ ഉപയോഗിക്കാനും എളുപ്പമാണ്. ലാമിനേറ്റ് സുഗമമായി പറ്റിനിൽക്കുന്നുവെന്ന് ഫെവിക്കോൾ റിലം ഉറപ്പാക്കും. ഒരു പ്രൊഫഷണൽ ഫിനിഷും ഫെവിക്കോൾ റിലം ഉറപ്പുനൽകുന്നു. ഫെവിക്കോൾ റിലം ഉപയോഗിച്ച്, പഴയ മരക്കസേരകൾക്ക് ആധുനിക സ്പർശം നൽകാനും,പഴയ ഫർണിച്ചറുകളുടെ രൂപം അതിഭംഗിയായി മാറ്റാനും കഴിയുമെന്നും ബ്രാൻഡ് അവകാശപ്പെടുന്നു.

# ബീച്ച് ടൂറിസം പദ്ധതി യാഥാർത്ഥ്യമാകുന്നു



**വാടാനപ്പള്ളി:** ഗ്രാമപഞ്ചായത്തിന്റെ ബീച്ച് ടൂറിസം പദ്ധതിക്ക് ഭരണാനുമതിയായി. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് എംഎൽഎ മുരളി പെരുനെല്ലി, ജില്ലാ കളക്ടർ വി.ആർ. കൃഷ്ണ തേജ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ബീച്ച് സന്ദർശിച്ചു. ബീച്ച് ടൂറിസം രംഗത്ത് വലിയ സാധ്യതകളാണ് വാടാനപ്പള്ളി തീരദേശ മേഖലയ്ക്കുള്ളത്. സമീപപ്രദേശങ്ങളിലുള്ള മികച്ച ടൂറിസം ബീച്ചുകൾക്കൊപ്പം ഇടം പിടിക്കുകയാണ് വാടാനപ്പള്ളി ബീച്ചും. മണലൂർ നിയോജകമണ്ഡലം എംഎൽഎയായ മുരളി പെരിനെല്ലി എംഎൽഎ ഫണ്ടിൽ നിന്നും 2022 ൽ പദ്ധതിക്ക് ആവശ്യമായ 10 കോടി രൂപ അനുവദിച്ചിരുന്നു. 2023 ൽ പദ്ധതി തുടങ്ങുന്നതിന് ആവശ്യമായ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിനെ തുടർന്നാണ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി യോഗം ചേർന്നത്. യോഗത്തിൽ ടൂറിസം എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കളക്ടർ നിർദ്ദേശം നൽകി. വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിൽ ഒരുങ്ങുന്ന ബീച്ച് ടൂറിസം പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ വാടാനപ്പള്ളി സെന്റർ മുതൽ ബീച്ച് വരെയുള്ള റോഡ് ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും തൊഴിലവസരങ്ങളും പ്രാദേശിക വികസനവുമാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യം വയ്ക്കുന്നത്.വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഹാളിൽ ചേർന്ന യോഗത്തിലും വാടാനപ്പള്ളി ബീച്ച് സന്ദർശനത്തിലും എംഎൽഎ മുരളി പെരുനെല്ലി, ജില്ലാ കളക്ടർ വി.ആർ. കൃഷ്ണ തേജ, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ പങ്കെടുത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com